MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

AUGUST 2012

Book : 33 Volume : 8

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 സർക്കുലർ – ജസ്റ്റിസ് സൺഡേ ........ 09
4 സർക്കുലർ – വൊക്കേഷൻ പ്രൊമോട്ടർ ........ 12
5 വിശ്വാസവർഷം– ഇടവക ........ 13
6. കേരള കത്തോലിക്ക മെത്രാൻ സമതി ........ 16
7. വിശ്വാസവർഷം – ഭവനം ........ 20
8. സർക്കുലർ – തടവറ പ്രേഷിതദിനം ........ 28
9 ബ്ലസ് എ ഹോം ........ 35
10 മതബോധനം ........ 37
11 സഭാവാർത്തകൾ ........ 39
12 സംഘടനാവാർത്തകൾ
    കെ.സി.വൈ.എം. ........ 42
    സെന്റ് പോൾസ് മൈനർ സെമിനാരി ........ 43
    ബി.എൽ.എം. ........ 44
    സോഷ്യൽ ആക്ഷൻ ........ 45
    നവചൈതന്യ ........ 45
    അവാർഡ് ........ 46
    സാൻജോസദൻ ........ 47
    തിരുബാലസഖ്യം ........ 48
    പാക്സ് ........ 48
    സി.ആർ.ഐ. ........ 49
    സ്പിരിച്വാലിറ്റി സെന്റർ ........ 50
    ഫ്രാൻസിസ്കൻ അസോസിയേഷൻ ........ 51
13 ഇടയന്റെ നാളെകൾ ........ 52
14 ഇടയന്റെ ഇന്നലെകൾ ........ 53

# ഇടയശബ്ദം



ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പിതരെ, മിശിഹായിൽ വാത്സല്യ സഹോദരി സഹോദരന്മാരെ,

ഇടവക വൈദികനായി എഴുപതു വർഷത്തെ പൗരോഹിത്യശുശ്രൂഷ ദൈവത്തിനും ദൈവജനത്തിനും പ്രീതികരമായി നിർവ്വഹിച്ച് വിശുദ്ധിയുടെ പരിമളം പരത്തി ഇരിങ്ങാലക്കുട രൂപതയ്ക്കും സഭയ്ക്കും അഭിമാനമായി നില കൊള്ളുന്ന ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ ആദ്ധ്യാത്മിക വീക്ഷണം വൈദികർക്കും സന്യസ്തർക്കും അത്മായ സഹോദരങ്ങൾക്കും ഒരുപോലെ മാതൃകയും പ്രചോദനവും ആണ്. തപസും പ്രാർത്ഥനയും ശുശ്രൂഷയും സ്വന്തം വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച് വിശുദ്ധിയുടെ ഉന്നത സോപാനങ്ങളിൽ ചരിച്ച ആ മഹത്വ്യക്തിത്വം നമ്മിൽനിന്ന് വേർപിരിഞ്ഞിട്ട് അര നൂറ്റാണ്ട് ആകുന്നതേയുള്ളൂ.

വി. കുർബാനയുടെ ഉപാസകനും തിരുസക്രാരിയുടെ കാവൽക്കാരനും ആയിരുന്നു ജോസഫ് വിതയത്തിലച്ചൻ. ദിവ്യകാരുണ്യമാകുന്ന കാന്തികധ്രുവത്തിൽ പറ്റിച്ചേർന്നതായിരുന്നു അച്ചന്റെ ആദ്ധ്യാത്മികത. ദൈവികസന്മാർഗ്ഗീക പുണ്യങ്ങളും സുവിശേഷമൂല്യങ്ങളും സ്വഭാവസവിശേഷതകളും സമന്വയിപ്പിക്കാൻ ദിവ്യകാരുണ്യസാമീപ്യം അദ്ദേഹത്തിന് ശക്തി നൽകി. വൈദികർക്ക് അജപാലന ആദ്ധ്യാത്മികതയിൽ അനുസ്യൂതം വളരുന്നതിനും സമർപ്പിതർക്ക് വ്രതത്രയങ്ങളെ ജീവിതക്രമമാക്കുന്നതിനും കുടുംബജീവിതം നയിക്കുന്നവർക്ക് ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമായ കുടുംബങ്ങളെ കെട്ടിപ്പടുക്കുന്നതിനും ദിവ്യകാരുണ്യം ശക്തി നൽകുന്നു. വാ. മദർ തെരേസയുടെ വാക്കുകൾ ഓർമ്മിക്കുന്നത് നല്ലതാണ് : നിങ്ങളുടെ ജീവിതം കുർബാനയ്ക്ക് ചുറ്റും നെയ്യപ്പെട്ടിരിക്കണം. നിങ്ങളുടെ കണ്ണ് കർത്താവിലേയ്ക്ക് തിരിക്കുക. അവിടുന്ന് പ്രകാശമാണ്.

ദിവ്യകാരുണ്യത്തിൽനിന്ന് ജീവകാരുണ്യത്തിലേക്കുള്ള തീർത്ഥാടനമാണ് വിതയത്തിൽ ജോസഫച്ചന്റെ ആദ്ധ്യാത്മികതയുടെ സവിശേഷത.

‘ദൈവത്തിന്റെ ജനം ആഗ്രഹിക്കുന്ന സേവനസന്നദ്ധനായ, സാധുസംരക്ഷകനായ, നീതിതല്പരനായ, സഹോദരസ്നേഹവും ദൈവസ്നേഹവും മുറ്റിനിൽക്കുന്ന സവിശേഷവ്യക്തിത്വം, നന്മയായ ഒന്നിനെയും അവഗണിക്കാതെ പ്രകൃതിയിൽ കാണുന്ന എല്ലാറ്റിനോടും പാപരഹിതമായി സംസർഗ്ഗത്തിൽ ജീവിക്കുവാൻ പരിശ്രമിച്ചു എന്നതാണ് വിതയത്തിലച്ചന്റെ ഏറ്റവും വലിയ പ്രത്യേകത. മറ്റുള്ളവരുടെ വേദനകളിൽ മനസലിയുന്ന, സമൂഹത്തിൽ നടമാടുന്ന തിന്മകൾക്കെതിരെ ശക്തമായി പോരാടുന്ന, പാവങ്ങളെ പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്യുന്ന, അലിവും ആർദ്രതയും അനുകമ്പയും ഉള്ള ഹൃദയത്തിനുടമയായിരുന്നു എല്ലാവരും ‘പിതാവ്’ എന്നു സംബോധന ചെയ്യുന്ന വിതയത്തിലച്ചൻ.

അനുസരണത്തെ വിശ്വാസപ്രഘോഷണമായി കണ്ടു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക വീക്ഷണത്തിന്റെ മറ്റൊരു സവിശേഷത. യഥാർത്ഥ അനുസരണം സ്വാതന്ത്ര്യമാണെന്നും ദൈവത്തിന്റെ അടയാളങ്ങളായി ജീവിക്കുകയെന്നതാണ് ക്രൈസ്തവർക്ക് സഭയ്ക്ക് നൽകാവുന്ന ഏറ്റവും വലിയ സേവനമെന്നും അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. എല്ലാവരെയും ശ്രേഷ്ഠരായി കരുതുന്ന ആത്മീയഭാവമാണ് അനേകരെ സ്വന്തമാക്കാൻ വിതയത്തിലച്ചന് തുണയായത്. വിശുദ്ധമായ ആഹ്ലാദത്തിനുവേണ്ടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചതെന്ന് ജോസഫച്ചൻ പറഞ്ഞുവച്ചിട്ടുണ്ട്. അംഗങ്ങൾ പരസ്പരം ചർച്ച ചെയ്തും സ്നേഹത്തോടെ തെറ്റുകൾ തിരുത്തിയും മുന്നേറുമ്പോൾ ജീവിതം സുന്ദരമാകുമെന്ന് ദൈവദാസൻ വിതയത്തിലച്ചൻ ഓർമ്മപ്പെടുത്തുന്നു. ജന്മത്താലും കർമ്മത്താലും ധന്യമായ ആ ജീവിതം നമ്മുടെ വഴികളിൽ മാർഗ്ഗദീപമാകട്ടെ.

ആർസിലെ അധാർമ്മികത നിറഞ്ഞ ജീവിതങ്ങളെ അസാധാരണമായ ആദ്ധ്യാത്മീകാനുഭവങ്ങൾകൊണ്ടും ജീവിതവിശുദ്ധികൊണ്ടും ലാളിത്യംകൊണ്ടും ദൈവത്തിനുവേണ്ടി നേടിയെടുത്ത വിശുദ്ധ ജോൺ മരിയ വിയാനി പുണ്യവാന്റെ തിരുനാളിന്റെയും ഭാരതത്തിന്റെ രാജ്ഞിയും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഇന്ത്യയുടെ 65–ാം സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം ഏവർക്കും നേരുന്നു.

ഇരിങ്ങാലക്കുട
23. 07. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ




1 **Appointments, Transfers and Relieving Orders of Eparchy of Irinjalakuda W.E.F. 02 August 2012**

**V. Rev. Msgr. Joseph Kavalakkatt** : Spiritual Father, John Paul Bhavan, Pulparakunnu, Kodakara

**Rev. Fr. John Edattukaran** : Relieved Chaplain, St. Joseph's Sadan, Puthenchira, Residence, Vianney Home, Puliyilakunnu, Ashtamichira.

**Rev. Fr. Sebastian Arikat :** Vicar and Chaplain Kuttikad Forane

**Rev. Fr. George Mangalan :** Vicar, Assumption Church, Velayanad and Chaplain Assumption Bhavan CSS Convent

**Rev. Fr. Varghese Thettayil :** Relieved Professor, Jesus Training College, Mala

**V. Rev. Fr. Johnson Manadan :** Vicar and Chaplain, Karuvannur, Adjutant Judicial Vicar

**Rev. Fr. Vincent Chembakassery :** Chaplain, St. Joseph's Sadan, Puthenchira

**Rev. Fr. Paul Cheruvathur :** Vicar and Chaplain, S.Thanissery

**Rev. Fr. Raphael Panjikaran** : Vicar, Vynthala & Chaplain, Our Lady of Mercy Convent, St. Thomas and St. Joseph's C.M.C. Convent. Lecturer at Jesus Training College, Mala

**Rev. Fr. Wilson Erathra :** Vicar, Vallakunnu, Director, Mar Thoma Centre, Aloor, Director BLM Press Aloor, Director Adolph Kolping Press, Managing Editor, Kerala Sabha

**Rev. Fr. Francis Kavil :** Vicar, And Chaplain, Madathumpady

**Rev. Fr. Varghese Pereppadan** : Vicar & Chaplain, Pazhookara, Executive Director of Jesus Training College, Mala, Ave Maria TTI and Director, Eparchial Youth Centre, Relieved from all the offices at Syro Malabar Chennai Mission

**Rev. Fr. John Kavalakkatt Jr.** : Vicar,Kanakamala And Chaplain, Jai Rani S.A.B.S. Convent

**Rev. Fr. George Pareman** : Guest Lecturer, Sahrdaya College Of Advanced Studies Kodakara Also

**Rev. Dr. Anto Chungath :** Vicar, Nandikara Professor, Mary Matha Major Seminary, Mulayam, Trichur, Relieved Director, Blm Press, Managing Editor, *Kerala Sabha,* Adolph Kolping Press, Chaplain, Paulalayam Convent.

**Rev. Fr. Benny Arimbully :** Vicar and Chaplain, Pulinkara Relieved Notary, Eparchial Tribunal, Irinjalakuda

**Rev. Fr. Shaju Kachappilly :** Vicar and Chaplain, Thazhur Relieved Director, Abhaya Bhavan

**Rev. Fr. Liju Parambath :** Relieved from the office of Justice Forum and Prathyasa

**Rev. Dr. Anto Karippai** : Director, Justice Forum and *Prathyasa* also Relieved Vicar, St. Joseph's Church, Vemballur

**Rev Fr. Seby Nadavaramban :** Director Bala Bhavan, Vianney Home Associate Director Social Action

**Rev. Fr. Pauly Kannookadan :** Vicar & Chaplain, Mupliyam Relieved Director, Sanjo Sadan, Anandapuram

**Rev. Fr. Nixon Chakoria :** Associate Director, Navachaithanya, Aloor, Residence Mar Thoma Centre, Aloor. Relieved from the office of Vicar and Chaplain, Kanakamala. Holy Mass four days at CSC Provincial House Potta

**Rev. Dr. Joseph Kanamkudam :** Vicar, Kottat also Director, Office for the Migrants Continues the Office of Secretary Special Administrative Tribunal Relieved from the offices of Vicar and Chaplain, Kuzhikattukon and Vice Chancellor of the Eparchy of Irinjalakuda

**Rev. Fr. Seby Kanjilassery :** Relieved Notary, Eparchial Tribunal

**Rev. Fr. Joseph Gopuram :** Vicar, St. Mary's Church, Anandapuram Director, Sanjo Sadan

**Rev. Fr. Seby Kolangara :** Relieved Vice Chancellor and Editor Diocesan Bulletin

**Rev. Fr. Jijo Menoth :** Vicar, Porathissery Director, Abhaya Bhavan

Porathissery Relieved from all the offices of Syro Malabar Chennai Mission

**Rev. Fr. Seejo Irimpan :** Vicar,Poovathingal, Chaplain, C.H.F. Ekanthabhavan and St. George's C.S.C. Convent,Relieved Director, Bala Bhavan, Vianney Home, Ashtamichira and Associate Director, Social Action and Social Action Forum of the Eparchy of Irinjalakuda

**Rev. Fr. Shaju chirayath** : Director, Santhome Snehatheeram Chennai

**Rev. Fr. Manoj Mekkedath :** Vicar, Kallankunnu, Director, Holy Childhood Association Notary, Eparchial Tribunal

**Rev. Fr. Shaji Thekkekara :** Member of Eparchial Liturgical Committee and relieved Associate Director of Communication Media

**Rev. Fr. Sinto Chittilappilly :** Vice Rector, St. Paul's Minor Seminary, Irinjalakuda, Director Altar Boys' Association and Assistant Vocation Promotor Secretary to Bishop Mar James Pazhayattil. Relieved from all the offices of the Syro Malabar Chennai Mission

**Rev. Fr. Jojo Kuttikadan :** Vice Chancellor, Editor, Diocesan Bulletin and Chaplain, SH Hospital, Pullur Relieved Vicar, St. Joseph's Church, Vynthala & Chaplain, Our Lady of Mercy Convent, St. Thomas and St. Joseph's C.M.C. Convents

**Rev. Fr. Justin Vazhappilly :** Vicar and Chaplain, Mathilakam

Vicar, St. Joseph's Church, W. Vemballur Associate Director, Bible Apostolate

**Rev. Fr. Jomy Thottian :** Vicar & Chaplain, Kuzhikattukon, Notary, Eparchial Tribunal and Assistant Director Communication Media

**Rev. Fr. Siju Komban :** Vicar and Chaplain Mugapair Syro Malabar Chennai Mission. Doctoral Studies at Chennai, Relieved Vicar, St. Joseph's Syrian Church, Mathilakam Chaplain, St. Joseph's SLMI Convent, Mathilakam and Associate Director, Bible Apostolate

**Rev. Fr. Shibu Nellissery :** Otteri Syro Malabar Chennai Mission Relieved from of Vicar, St. Antony's Church, Kottat and Director, Holy Childhood Association

**Rev. Fr. Jijo Vakaparambil :** Associate Editor, Kerala Sabha Also.

**Rev. Fr. Rejoy Pazhayattil :** Relieved from all the offices and granted study leave for two years.

**Rev. Fr. Benoy Nereparambil :** Assistant Vicar, Moonumuri Guest Lecturer Sahrdaya College of advanced Studies Kodakara

**Rev. Fr. Aneesh Pellissery :** Assistant Vicar, Forane Church, Ambazhakad Associate Director Kerala Catholic Students' League.

**Rev. Fr. Nijo Pallai :** Syro Malabar Chennai Mission Relieved Assistant Vicar, Moonumuri.

**Rev. Fr. Geo Kaitharath :** First Assistant Vicar, St. Mary's Forane Church, Chalakudy

**Rev. Fr. Jose Chittilappilly CMI :** Chaplain Paulalayam, Vallakunnu

**Rev. Fr. Yesudas Kodakarakaran CMI :** Relieved Chaplain, SH Hospital and Convent Pullur.

**Rev. Fr. Felix Kandathinkara OFM Conv. :** Assistant Vicar, Thazhekad

2. **വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ : ആഗസ്റ്റ് 4**

   ഇടവകവൈദികരുടെ മദ്ധ്യസ്ഥന്റെ തിരുനാളായ ആഗസ്റ്റ് 4–ന് ഇടവകകളിൽ സേവനം ചെയ്യുന്ന എല്ലാ ബഹു. അച്ചന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കാം. അന്നേദിവസം പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന വെരി. റവ. ഫാ. ജോയി പാല്യേക്കര, റവ. ഡോ. റാഫേൽ അമ്പാടൻ, റവ. ഫാ. തോമസ് ആലുക്കൽ, റവ. ഡോ. സ്റ്റീഫൻ ചിറപ്പണത്ത്, റവ. ഡോ. പോളി പടയാട്ടി, റവ. ഫാ. ഡേവിസ് മാളിയേക്കൽ, റവ. ഫാ. ഡേവിസ് കല്ലിങ്ങൽ എന്നിവർക്ക് പ്രാർത്ഥനാശംസകൾ നേരാനും ജൂബിലി ആഘോഷിക്കാനും ബഹു. അച്ചന്മാരെല്ലാവരും രാവിലെ 10 മണിക്ക് കല്ലേറ്റുംകര PACS-ൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

3. **ആഗസ്റ്റ് 12 ഞായർ :** തടവറ പ്രേഷിതദിനമായി ആചരിക്കുന്നു.

4. **സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണതിരുനാളും – ആഗസ്റ്റ് 15**

   ഭാരതം സ്വതന്ത്രമായതിന്റെ 65–ാം വാർഷികം. ആദ്ധ്യാത്മികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ഓരോ പൗരനും സ്വാതന്ത്ര്യമനുഭവിക്കുമ്പോഴാണ് സ്വാതന്ത്ര്യം പൂർണ്ണമാകുക. അത്തരത്തിലുള്ള സ്വാതന്ത്ര്യത്തിനായി പരിശ്രമിക്കാം; പ്രാർത്ഥിക്കാം. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ കടമുള്ള ദിവസമാണെന്ന് ഓർമ്മയുണ്ടല്ലോ. തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**5. വൈദികരുടെ പഞ്ചദിനക്യാമ്പ്**

ഈ വർഷത്തെ പഞ്ചദിനക്യാമ്പ് ഒന്നാം ബാച്ച് സെപ്തംബർ 3 മുതൽ 7 വരെയും രണ്ടാം ബാച്ച് സെപ്തംബർ 17 മുതൽ 21 വരെയും കല്ലേറ്റുംകര PACS-ൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പ് വൈകിട്ട് 6.30ന് ആരംഭിക്കുന്നു. ക്യാമ്പിൽ ചർച്ച ചെയ്യപ്പെടേണ്ട പ്രത്യേക വിഷയങ്ങളുണ്ടെങ്കിൽ പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയെ മുൻകൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്.

**6. ജസ്റ്റിസ് സൺഡേ – ആഗസ്റ്റ് 19**

അനീതിക്കെതിരെ പോരാടാനും നീതി പുനഃസ്ഥാപിക്കാനുമുള്ള നമ്മുടെ കടമയെക്കുറിച്ച് ബോധ്യം ഉൾക്കൊള്ളുവാൻ ഈ ആചരണം സഹായിക്കട്ടെ. പ്രസ്തുത ഞായറാഴ്ചയിലെ പിരിവ് രൂപതാ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**7. മെഴ്സി ട്രസ്റ്റ്**

രൂപതയിലെ മെഴ്സിട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ നല്കിയവർക്കായി 2,42,000 രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നല്കിയിട്ടുണ്ട്. ഈ ഫണ്ടിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുന്നതുവഴി കൂടുതൽ സഹായം നല്കാൻ സാധിക്കും. സഹകരിക്കുമല്ലോ.

**8. തെരട്ടുഫീസ്**

അടയ്ക്കുന്നതിന് അവധി ചോദിച്ചിട്ടുള്ള പള്ളികൾ 6 മാസത്തിനുള്ളിൽ അടച്ച് തീർക്കേണ്ടതാണ്.

**9 പ്രത്യേക പിരിവ്**

മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽനിന്നുള്ള അറിയിപ്പ് പ്രകാരം ഈ വർഷം മുതൽ കൂരിയായുടെ പ്രവർത്തനങ്ങൾക്കായി ആളൊന്നിന് രണ്ട് രൂപാ വീതം പ്രത്യേകം പിരിവെടുത്ത് അവിടെ ഏൽപ്പിക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിൽ ആളൊന്നിന് ഒരു രൂപയാണ് നൽകിയിരുന്നത്. അതുകൊണ്ട് ആളൊന്നിന് രണ്ട് രൂപാ വീതം പിരിവെടുത്ത് 2012 സെപ്തംബർ 30ന് മുൻപ് രൂപതാ ഫൈനാൻസ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

**10 പ്രവാസി സംഗമം**

സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന സീറോമലബാർ സഭാംഗങ്ങളുടെ ഒരു സ്നേഹസംഗമം കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് ആഗസ്റ്റ് 14–ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 9.30–ന് നടത്തപ്പെടുന്നു. വികാരിയച്ചന്മാർ ആളുകളെ പറഞ്ഞുവിടുന്നതിന് ശ്രദ്ധിക്കുമല്ലോ.

**രൂപതാകാര്യാലയം** — **മോൺ ജോസ് ഇരിമ്പൻ**

24. 07. 2012 — വികാരി ജനറാൾ

# ജസ്റ്റീസ് സൺഡേ – 2012
## ആഗസ്റ്റ് 19, ഞായർ
## കെ.സി.ബി.സി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ഈ വർഷം ആഗസ്റ്റ് 19 –ാം തീയതി ഭാരതസഭ നീതി ഞായർ ആചരിക്കുകയാണ്. 1986–ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയാണ് ഇൻഡ്യയുടെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതി ഞായറായി ആചരിക്കാൻ തീരുമാനമെടുത്തത്. തുടർന്ന് എല്ലാവർഷവും നീതി ഞായർ സമുചിതമായി ആചരിച്ചുവരുന്നു. കഴിഞ്ഞവർഷം നീതി ഞായർ ആചരണത്തിന്റെ രജതജൂബിലി സംസ്ഥാനതലത്തിൽ കോട്ടയത്തുവച്ച് നടത്തുകയുണ്ടായി. നിങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും ഞങ്ങൾ നന്ദിയോടെ ഓർമ്മിക്കുന്നു.
2. നീതി നിഷേധിക്കപ്പെട്ട എല്ലാ ജനവിഭാഗങ്ങളോടും സഭ ഐക്യദാർഡ്യം പ്രഖ്യാപിക്കുന്നതിന്റെ സൂചകമാണ് ഈ ആചരണം. "ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ, പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽക്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണെന്ന്" രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ഉദ്ബോധനം നീതി ഞായറാചരണത്തിൽ ഏറെ പ്രസക്തമാണ്.
3. ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരനും വിവേചനം പാടില്ലെന്നു അനുശാസിക്കുന്നതാണ് ഇന്ത്യൻ ഭരണഘടന. ഒരു വ്യക്തിക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാൻ മാത്രമല്ല തന്റെ വിശ്വാസം പ്രചരിപ്പിക്കാനും അവകാശം നല്കുന്ന ഭരണഘടനയാണ് നമ്മുടേത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഭരണഘടന നിലവിൽ വന്നിട്ട് ഏഴുമാസമായപ്പോൾ (1950 ആഗസ്റ്റ് 10) ഒരു പ്രസിഡൻഷ്യൽ ഉത്തരവിലൂടെ ഭരണഘടനയുടെ 3 –ാം ഖണ്ഡികയിൽ നിയമഭേദഗതി വരുത്തി ഹിന്ദുക്കളല്ലാത്ത ദലിതരെ പട്ടികജാതിയിൽ നിന്നും ഒഴിവാക്കി. അക്കാരണത്താൽ സിക്കു, ബുദ്ധ, മുസ്ലീം, ക്രൈസ്തവ ദലിതർക്ക് ഭരണഘടനാ ശില്പികൾ വിഭാവന ചെയ്തിരുന്ന എല്ലാ അവകാശങ്ങളും നഷ്ടമായി. ഹൈന്ദവരല്ലാത്ത ദലിതർക്ക് മറ്റു പൗരന്മാരോടൊപ്പം സമൂഹത്തിൽ മുന്നേറാൻ ഉതകുന്ന പട്ടികജാതിയെന്ന പദവിയാണ് മതത്തിന്റെ പേരിൽ നഷ്ടമായത്.
4. എന്നാൽ കേന്ദ്രസർക്കാരിൽ സ്വാധീനമുപയോഗിച്ചും, നിരന്തര പ്രക്ഷോഭണം വഴിയും 1956–ൽ സിക്കുമതവിശ്വാസികളായ ദലിതർക്കും

1990–ൽ ബുദ്ധമതവിശ്വാസികളായ ദലിതർക്കും പട്ടികജാതിക്കാർക്കുള്ള അവകാശം (സംവരണാനുകൂല്യം ഉൾപ്പടെ) പുനഃസ്ഥാപിച്ചെടുക്കാൻ സാധിച്ചു. എന്നാൽ അതേസമയം ഇന്ത്യയിലെ ദലിത് ക്രൈസ്തവരുടെ അവകാശം അംഗീകരിക്കുന്ന കാര്യത്തിൽ സർക്കാരുകൾ നിസ്സംഗതയാണ് കാണിക്കുന്നത്. സാമൂഹിക വ്യവസ്ഥയെ നിയന്ത്രിക്കുന്നതിൽ സമുദായങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് ശരിക്കും മനസ്സിലാക്കിയിട്ടുള്ളവരാണ് കേരളീയർ.

5. ഭാരതത്തിലെ കത്തോലിക്കാസഭ ഈ ഭരണഘടന ഭേദഗതിവന്നനാൾ മുതൽ ദലിത് ക്രൈസ്തവരുടെ അവകാശത്തിനുവേണ്ടി ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. 1950 ഒക്ടോബർ മാസം 24 –ാം തീയതി നാഗ്പൂരിലെ കാത്തലിക് റീജണൽ കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. എക്സ്. ഫ്രാൻസിസും 06.12.1950–ൽ പാർലമെന്റിലെ അംഗങ്ങളായ റവ. ഫാ. ജെറോം ഡിസൂസയും എച്ച്.സി. മുക്കർജിയും ദലിത് ക്രൈസ്തവർക്കുവേണ്ടി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആറു പതിറ്റാണ്ട് പിന്നിടുന്ന അവസര ത്തിലും ദലിത് ക്രൈസ്തവരുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടം തുടർന്നുകൊണ്ടിരിക്കുകയാണ്.

6. ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽത്തന്നെ ഉൾപ്പെടുത്തണമെന്ന് വാദിച്ച് 2004–ൽ സുപ്രീംകോടതിയിൽ ശ്രീമാൻ ഫ്രങ്കിളിൽ സീസർ സമർപ്പിച്ച ഹർജിയിൽ വാദം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. സർക്കാർ നിയമിച്ച മണ്ഡൽ കമ്മീഷൻ റിപ്പോർട്ടും രംഗനാഥമിശ്രകമ്മീഷൻ റിപ്പോർട്ടും പട്ടികജാതി സംവരണത്തിന് മതവിശ്വാസം തടസ്സമാകരുതെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ ശരിക്കും മനസ്സിലാക്കാനോ സത്വരനടപടികൾ എടുക്കാനോ സർക്കാരിന് സാധിക്കാതെ പോയതിൽ കത്തോലിക്കാ സഭയും മറ്റെല്ലാ ക്രൈസ്തവ സഭകളും ദുഃഖിതരാണ്; സഭാവ്യത്യാസങ്ങൾ കൂടാതെ ഈ അവകാശത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈവർഷത്തെ നീതിഞായറാചരണം പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തോടുള്ള യഥാർത്ഥ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതാകണം.

7. ഒരാൾക്കു കൊടുക്കേണ്ടത് കൊടുക്കുന്നത് നീതിയാണ്. നീതിബോധമുള്ളവർ അധികാരത്തിലിരിക്കുമ്പോഴാണ് ജനങ്ങൾ സന്തോഷിക്കുന്നതെന്നും (സുഭാ: 29,2) നീതിബോധമുള്ള രാജാവിനു മാത്രമേ നാടിനു ക്ഷേമം വരുത്താൻ സാധിക്കൂവെന്നും (സുഭാ: 29:4) നീതിമാൻ ദരിദ്രരുടെ അവകാശങ്ങൾ അംഗീകരിക്കുന്നുവെന്നും (സുഭാ: 29, 7) വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. ദലിത് ക്രൈസ്തവരുടെ കാര്യത്തിൽ നമുക്ക് നീതി ലഭിക്കുന്നില്ലെ എന്നത് യാഥാർത്ഥ്യമാണ്. എങ്കിലും നാം നിരാശരല്ല. കാരണം പ്രത്യാശയിലാണല്ലോ നാം രക്ഷപ്രാപിക്കുന്നത് (റോമ 8, 24) ആ തിരുവ

ചനം നമുക്ക് ശക്തിതരുന്നു. ഓരോ സംസ്ഥാനത്തും പ്രബലമായികൊണ്ടി രിക്കുന്ന ദലിത് ക്രൈസ്തവ മുന്നേറ്റവും നമുക്ക് ആവേശം നൽകുന്നു. വിളിച്ചപേക്ഷിക്കുന്നവർക്ക് സമീപസ്ഥനും ഹൃദയം നുറുങ്ങിയവരെ രക്ഷി ക്കുന്നവനുമായവനിൽ (സങ്കീ: 145,18; 34, 18) വിശ്വസിക്കുന്ന നമുക്ക് കാത്തി രിപ്പ് ഒരു പ്രശ്നമല്ല. ഭാരതത്തിലെ പരമോന്നതകോടതി ഇടപെട്ട് സർക്കാ രിന്റെ ദലിത് ക്രൈസ്തവരോടുള്ള നിസംഗത മാറ്റുന്നതിനായി മുട്ടിപ്പായി പ്രാർത്ഥിക്കാം.

8. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും കുടുംബയൂണിറ്റുകളിലും ദളിത് ക്രൈസ്തവ പ്രവർത്തനം ഒരു സാമൂഹിക ശുശ്രൂഷയായി കണ്ടു കൊണ്ട് നടത്തണം. ഇക്കഴിഞ്ഞ മെയ് മാസത്തോടെ എല്ലാ രൂപതകളിലും തുടർന്നു സംസ്ഥാനതലത്തിലും ദളിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) പുതിയ ഭാരവാഹികൾ അടുത്ത മൂന്നുവർഷത്തേക്ക് ചുമതല യേറ്റിട്ടുണ്ട്. അവരോടു ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

9. നീതി ഞായറി (ജസ്റ്റീസ് സൺഡേ) ന്റെ ഭാഗമായി നമ്മുടെ എല്ലാ ദൈവാ ലയങ്ങളിലും പ്രത്യേക പിരിവ് നടത്തി രൂപതാ കേന്ദ്രങ്ങളിലെത്തിക്കുകയും അവ KCBC SC/ST/BC കമ്മീഷൻ ചെയർമാന്റെ പേരിൽ അയച്ചുതരു കയും വേണം. പഠനത്തിൽ മുന്നിൽ നില്ക്കുന്ന ദലിത് കുട്ടികളെ സ്കോളർഷിപ്പ് നല്കി പ്രോത്സാഹിപ്പിക്കുന്നതാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ SSLC, Plus Two, D.C, P.G, Engineering, Medicine തുട ങ്ങിയ കോഴ്സുകളിൽ മികവ് കാണിച്ച വിദ്യാർത്ഥികൾക്ക് രൂപതാ ഡയറ ക്ടറുടെ സാക്ഷ്യത്തോടെ അപേക്ഷകൾ നല്കാവുന്നതാണ്. അപേക്ഷ കൾ 2012 സെപ്റ്റംബർ 3-നകം KCBC SC/ST/BC കമ്മീഷൻ സെക്രട്ടറി യുടെ പേരിൽ അയച്ചുകൊടുക്കണം. (Fr. John Areekal, Secretary, KCBC SC/ST/BC Commission, Sacred Heart Church, Adoor-691523, Pathanamthitta District).

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്,**

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമെൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

NB: 2012 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# വൊക്കേഷൻ പ്രൊമോട്ടർമാർക്ക് ദേവാലയങ്ങളും സ്കൂളുകളും സന്ദർശിക്കുന്നതിന് മൂന്നുമാസം

മിശിഹായിൽ സ്നേഹമുള്ളവരേ,

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനപ്രകാരം സീറോ മലബാർ, ലത്തീൻ, മലങ്കരസഭകളിലെ എല്ലാ രൂപതകളും അവയുടെ കീഴിലുള്ള എല്ലാ ദേവാലയങ്ങളും കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളും മറ്റു സ്ഥാപനങ്ങളും വൊക്കേഷൻ പ്രൊമൊട്ടർമാർക്ക് സന്ദർശിക്കാൻ മൂന്നുമാസ കാലാവധിയാണ് ഇനി മുതൽ നിശ്ചയിച്ചിട്ടുള്ളത്: അതായത് ജൂലൈ, ഓഗസ്റ്റ്, സെപ്തംബർ മാസങ്ങൾ.

സന്ദർശനത്തിനു പോകാൻ ആഗ്രഹിക്കുന്ന രൂപതാ സന്ന്യാസ വൊക്കേഷൻ പ്രൊമൊട്ടർമാർ KVSC യിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. KVSC നല്കുന്ന സർട്ടിഫിക്കററിൽപ്രൊമോഷനുവേണ്ടി പോകുന്നരൂപതകളിലെ വൊക്കേഷൻ ബ്യൂറോകളുടെ ഡയറക്ടർമാരുടെ ഒപ്പും സീലും വാങ്ങിയിട്ടു വേണം രൂപതാസ്ഥാപനങ്ങൾ സന്ദർശിക്കാൻ. സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള സമയവും അതാത് വികാരിമാരുമായോ സ്ഥാപന മാനേജർമാരുമായോ സംസാരിച്ച് നിശ്ചയിക്കേണ്ടതാണ്. മററു മാസങ്ങളിൽ പൊതുവായ വൊക്കേഷൻ പ്രൊമോഷന് അനുമതി ഉണ്ടായിരിക്കുന്നതല്ല. സ്കൂളുകൾക്കുണ്ടാകുന്ന അസൗകര്യം പരിഗണിച്ചാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ വ്യക്തിപരമായി കുട്ടികളെ കാണുന്നതിനും ഭവനങ്ങൾ സന്ദർശിക്കുന്നതിനും തടസ്സമില്ല.

വികാരിമാരും മാനേജർമാരും വൊക്കേഷൻ പ്രൊമോട്ടർമാരുടെ കൈവശമുള്ള ഒറിജനൽ സർട്ടിഫക്കറ്റോ അതിന്റെ ഡ്യൂപ്ലിക്കേറ്റോ കണ്ട് അവരെ വൊക്കേഷൻ പ്രൊമോട്ടു ചെയ്യാൻ അനുവദിക്കണം. ഒരോ രൂപതയും സ്ഥാപനവും ഇതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രസക്തമായ തടസങ്ങൾ ഉണ്ടായാൽ അത് രേഖാമൂലം കെസിബിസിയുടെ വൊക്കേഷൻ ഓഫീസിൽ അറിയിക്കണം. അറിയിക്കേണ്ട വിലാസം

The Director
Kerala Vocation Service Centre
Bharananganam, Pala-686 578
Ph: 04822237105, 9400218246

അനുഗ്രഹാംശംസകളോടെ,

**+ ആർച്ചബിഷപ് ജോസഫ് പെരുന്തോട്ടം**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

# വിശ്വാസവർഷം

**2012 ഒക്ടോബർ 11 – 2013 നവംബർ 24**

*"സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസം" – ഗലാത്തിയ 5:6*

## ഇടവകകൾക്കുള്ള കെസിബിസി നിർദ്ദേശങ്ങൾ

കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോമലങ്കരസഭകളിലെ ഇടവകകൾക്ക് വിശ്വാസവർഷാചരണം സംബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതി നല്കുന്ന നിർദ്ദേശങ്ങൾ:

1. 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവത്രികസഭ ആചരിക്കുന്ന വിശ്വാസവർഷം കേരള ത്തിലെ സീറോ മലബാർ, ലത്തീൻ, സീറോമലങ്കര സഭകളിലെ എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും അതിനായി പ്രത്യേക സമിതി രൂപീകരിച്ച് അവ നടപ്പിലാക്കുകയും വേണം.
2. വിശ്വാസം പരിപോഷിപ്പിക്കാനും പ്രഖ്യാപിക്കാനുമുള്ള അവസരമായി വിശ്വാസവർഷത്തെ കാണണം. വിശ്വാസവർഷത്തിന്റെ തയ്യാറെടുപ്പെന്ന നിലയിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രസിദ്ധീകരിച്ച വിശ്വാസത്തിന്റെ വാതിൽ (പോർത്താ ഫീദേയി) എന്ന അപ്പസ്തോലിക എഴുത്ത് വിശ്വാസികളെ പഠിപ്പി ക്കണം. വിശ്വാസതിരുസംഘം വിശ്വാസവർഷാചരണത്തിന് നല്കിയിട്ടുള്ള നാല്പതിന കർമ്മ പരിപാടി കളിൽ സാധിക്കുന്നവ ഇടവകകളിൽ നടപ്പാക്കണം.
3. വിശ്വാസവർഷത്തിന്റെ ആഘോഷപൂർവ്വമായ ഉദ്ഘാടനവും സമാപനവും ഇടവകകളിൽ ഉണ്ടായിരിക്കുന്നത് സമുചിതമായിരിക്കും. വിശ്വാസവർഷം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന ദിവസങ്ങളിൽ നമ്മുടെ കുടുംബങ്ങളിൽ ഏറ്റവും ഉചിതമായ സമയത്ത് ദീപം കത്തിച്ച് കത്തോലിക്കാ വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലേണ്ടതാണ്. ഓരോ മാസവും പ്രത്യേക ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് പരിപാടികൾ ആസൂത്രണം ചെയ്യുന്നത് അഭികാമ്യമായിരിക്കും. വിശ്വാസവർഷത്തിന്റെ ചൈതന്യം സംവേദിക്കുന്ന പതാകയോ തത്തുല്യമായവയോ ദൈവാലയ ങ്ങളിൽ സ്ഥാപിക്കണം. ഫ്ളക്സും തെർമോക്കോളും പൂർണമായി ഒഴിവാക്കേണ്ടതാണ്.
4. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, യുവജനമതബോധനഗ്രന്ഥം എന്നിവയിലെ ആശയങ്ങൾ സാധാരണ വിശ്വാസികളെ പഠിപ്പിക്കാൻ കർമ്മപദ്ധതികൾ ഇടവകയിൽ ആസൂത്രണം ചെയ്യണം. ഇവയുമായി ബന്ധപ്പെട്ട് ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, സിംപോസിയങ്ങൾ, ഡിബേറ്റുകൾ, ലേഖന

മത്സരങ്ങൾ, ക്വിസ് കോമ്പറ്റീഷൻ എന്നിവ ഇടവകതലത്തിൽ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കും. ഇടവകയിലെ അല്മായ സംഘടനാ തലത്തിലും മതബോധനമേഖലയിലും വിശ്വാസവർഷത്തിന്റെ ചൈതന്യം എത്തണം. ഈ മേഖലകളെ നവീകരിക്കാനുള്ള അവസരമായി വിശ്വാസവർഷാചരണത്തെ കാണണം.

5. സത്യവിശ്വാസം സംരക്ഷിക്കുന്നതിന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ വ്യാപനം പ്രോത്സാഹിപ്പിക്കപ്പെടണം. കുടുംബങ്ങളിൽ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, യുവജന മതബോധന ഗ്രന്ഥം എന്നിവ ഉപയോഗിക്കാൻ പരിശീലിപ്പിക്കണം. സെക്ടുകളിലേക്കും മറ്റു അന്ധവിശ്വാസങ്ങളിലേക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥ വിശ്വാസത്തിൽ നിലനിറുത്താനും ആഴപ്പെടുത്താനുമുള്ള ശ്രമങ്ങൾ ഉണ്ടാകണം. പോയവരെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ വിശ്വാസവർഷത്തിൽ നടത്തണം. സാത്താൻ സേവപോലുള്ള ഭീകരമായ തിന്മയിലേക്ക് പോകുന്ന പ്രവണതകളെ തിരിച്ചറിയാനും അതിനെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളാനും വിശ്വാസ വർഷത്തിൽ സാധിക്കണം.

6. വിശ്വാസവർഷത്തിൽ കുടുംബ ആധ്യാത്മികത പ്രോത്സാഹിപ്പിക്കപ്പെടണം. നമ്മുടെ എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥന ചൊല്ലുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്ക് വിശ്വാസവർഷം ഇടവകതലത്തിൽ കൂടുതൽ പ്രാധാന്യം നല്കണം. വിശുദ്ധ കുർബാന കേന്ദ്രീകൃതമായി ജീവിക്കാൻ സഹായിക്കുന്ന ധ്യാനങ്ങളും പരിശീലന പരിപാടികളും ഇടവകയിൽ നടത്തണം.

### ഇടവകകൾക്കുള്ള കെ.സി.ബി.സി. നിർദ്ദേശങ്ങൾ

7. ഇടവക അജപാലനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വിശ്വാസവർഷാചരണം സഹായിക്കണം. ഫുൾടൈം പാരിഷ് മിനിസ്ട്രിയിൽ ചില സിസ്റ്റേഴ്സിനെയും അല്മായരെയും ഉൾപ്പെടുത്തണം. കുടുംബസന്ദർശനങ്ങൾ സജീവമാക്കാനും ദൈവവിളി പ്രോത്സാഹിപ്പിക്കാനുമുള്ള അവസരമായി വിശ്വാസവർഷാചരണത്തെ കാണണം.

8. കേരളത്തിലെ കത്തോലിക്കാസഭയെക്കുറിച്ച് ആഴമാർന്ന അറിവ് നല്കാൻ വിശ്വാസവർഷം ഉപകരിക്കണം. സമൂഹത്തിന് സഭ നല്കിയതും നല്കികൊണ്ടിരിക്കുന്നതുമായ സേവനങ്ങളെക്കുറിച്ച് വിശ്വാസികൾക്ക് അറിവ് പകർന്ന് നല്കണം. കേരളത്തിൽ നിന്നുള്ള വാഴ്ത്തപ്പെട്ടവരെയും ദൈവദാസരെയും കുറിച്ച് വിശ്വാസികളെ പഠിപ്പിക്കണം. അവരുടെ ജീവിതമാതൃകകൾ വിശ്വാസം ആഴപ്പെടുത്താൻ നമ്മെ സഹായിക്കുമല്ലോ.

9. ഇടവകതലത്തിൽ അന്യമതസ്ഥരുമായും ഇതരക്രൈസ്തവ സഭകളുമായുള്ള സംഭാഷണവും ഒന്നിച്ചുള്ള പ്രവർത്തനവും കരുപിടിപ്പിക്കണം.

ഇടവകയിൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ, മതസൗഹാർദ്ദ സമിതികൾ എന്നിവ ആരംഭിക്കാൻ വിശ്വാസവർഷത്തിൽ സാധിക്കണം.

10. ഇടവകതലത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി യത്നിക്കണം. മാലിന്യസംസ്കരണം, സൗരോർജ്ജ സ്രോതസുകളുടെ വ്യാപനം എന്നിവയിൽ ഇടവകകൾ കൂടുതൽ ശ്രദ്ധിക്കണം. പ്രപഞ്ചസംരക്ഷണം ദൈവവിശ്വാസത്തിന്റെ ഭാഗമായി കണ്ട് സത്യവിശ്വാസത്തെ കൂടുതൽ വ്യാപ്തിയിൽ അവതരിപ്പിക്കാൻ വിശ്വാസവർഷത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

11. ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, പ്രത്യേകിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ, സജീവമാക്കാൻ വിശ്വാസവർഷം ഉപകരിക്കണം. എല്ലാ ഇടവകകളിലും മദ്യവിരുദ്ധസമിതികൾ രൂപീകരിക്കണം. മദ്യത്തിന് അടിമകളായിട്ടുള്ള മദ്യപാനരോഗികളെ ചികിത്സിക്കാനുള്ള ക്രമീകരണങ്ങൾ നടത്തണം. വിശ്വാസവർഷത്തിൽ ഇടവകയെ മദ്യവിമുക്ത ഇടവകയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ സജീവമാക്കണം. ഇത്തരം പ്രവർത്തന ങ്ങളിലൂടെ ക്രൈസ്തവവിശ്വാസത്തിന് സജീവസാക്ഷ്യം നല്കുന്ന സമൂഹമായി ഇടവകയെ മാറ്റുകയായിരിക്കണം ലക്ഷ്യം.

12. വിശ്വാസവർഷത്തിൽ തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. തീർത്ഥാടനങ്ങൾ വിശ്വാസ പരിശീലനത്തിനുള്ള അവസരമാണ്. തീർത്ഥാടനങ്ങൾക്ക് ക്രമീകൃതമായ കർമ്മപദ്ധതികൾ ഉണ്ടാവുകയും കൂദാശകേന്ദ്രീകൃതമാവുകയും വേണം. പ്രത്യേകിച്ച് ഇടവകയിലെ സംഘടനകളെ പ്രാദേശിക തീർത്ഥാടനത്തിന് പ്രചോദിപ്പിക്കണം.

13. പാവപ്പെട്ടവരെ സഹായിക്കുന്ന മനഃസ്ഥിതി വിശ്വാസികളിൽ വളർത്തണം. ധൂർത്ത്, ആഡംബരം എന്നിവ ഒഴിവാക്കി പൊതുനന്മയ്ക്കു വേണ്ടി സംഭാവന ചെയ്യാൻ വിശ്വാസികളെ പരിശീലിപ്പിക്കണം. സഭാ പ്രവർത്ത നങ്ങൾ സ്വാശ്രയത്തിലെത്തുന്നതിന് വിശ്വാസികൾ സന്മനസ്സോടും ഉദാരതയോടുംകൂടെ സംഭാവനകൾ നല്കണം. അങ്ങനെ പങ്കു വെയ്ക്കലിന്റെ ജീവിതശൈലി രൂപപ്പെടുത്താൻ വിശ്വാസ വർഷാചരണം ഇടയാകണം.

14. ദാനമായി ലഭിച്ച കത്തോലിക്കാവിശ്വാസത്തിന് നന്ദി പറയാനും അതിൽ അടിയുറച്ച് നിലനില്ക്കാനും അതിന് സജീവസാക്ഷ്യം നല്കാനും വിശ്വാസവർഷത്തിലെ വിവിധപരിപാടികളിലൂടെ ഇടവകകളിൽ സാധിക്കട്ടെ.

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചു ബിഷപ് തോമസ് മാർ കൂറിലോസ്**
സെക്രട്ടറി ജനറൽ, കെസിബിസി

# കേരള കത്തോലിക്കാ മെത്രാൻ സമിതി
## നിർദ്ദേശങ്ങൾ

കേരളസഭ വിശ്വാസവർഷത്തിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് 2012 ജൂൺ 5–ന് പി.ഒ.സി.യിൽ കൂടിയ മെത്രാന്മാരുടെയും രൂപതയിൽ നിന്നുള്ള വൈദികപ്രതിനിധികളുടെയും സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും സമ്മേളനം മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ:

1) വിശ്വാസവർഷാചരണം കേരളസഭയിൽ കാര്യക്ഷമമാകുന്നതിന് "വിശ്വാസത്തിന്റെ വാതിലി"ൽ (Porta Fidei) പരിശുദ്ധ പിതാവ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച നാല്പതിന കർമ്മപരിപാടികളും രൂപതാ–ഇടവക തലങ്ങളിൽ നടപ്പിലാക്കാൻ പരിശ്രമിക്കണം. വിശ്വാസവർഷാചരണം കുടുംബകേന്ദ്രീകൃതമാകണം. കുടുംബപ്രാർത്ഥന ശക്തിപ്പെടുത്താനുള്ള അവസരമാക്കുകയും വേണം.

2) രണ്ടാം വത്തിക്കാൻ കൗൺസിൽ എത്രമാത്രം നമ്മുടെ സമൂഹത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു വെന്നതിനെക്കുറിച്ച് പഠനം എല്ലാ തലങ്ങളിലും ആവശ്യമാണ്. അത് നമ്മുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ സഹായിക്കും. കൗൺസിൽ രേഖകളുടെ ശരിയായ വ്യാഖ്യാനം ഇക്കൊല്ലം ജനങ്ങളിൽ എത്തിക്കാൻ ഏവരും പരിശ്രമിക്കണം.

3) ഞായറാഴ്ചയാചരണം ഇടവക കേന്ദ്രീകൃതമായിരിക്കണം. ഇടവക ദൈവാലയത്തിന് പുറത്ത് ഞായറാഴ്ചയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലികൾ നിരുത്സാഹപ്പെടുത്തണം. ഇടവക കേന്ദ്രീകൃത അജപാലനത്തിന് തടസ്സമാകുന്ന ധ്യാനകേന്ദ്രങ്ങളുടെ പരിപാടികൾ പുനർവിചിന്തനം ചെയ്യണം. ഇടവകകൾ കേവലം കൂദാശകൾ പരികർമ്മം ചെയ്യുന്ന സ്ഥലങ്ങളും ഭരണനിർവഹണകേന്ദ്രങ്ങളുമായി പരിണമിച്ചിരിക്കുന്ന അവസ്ഥാവിശേഷം ഇന്നുണ്ട്. വിശ്വാസവർഷത്തിൽ ആധ്യാത്മികവളർച്ച ഇടവകയിലൂടെ എന്ന ലക്ഷ്യം മുന്നിൽ കാണണം. ദൈവവുമായുള്ള ഏറ്റവും സുവ്യക്തമായ സമാഗമം നടക്കുന്നത് കൂദാശകളിലൂടെയാണ്. കൂദാശാസ്വീകരണത്തെ കേന്ദ്രീകരിച്ചുള്ള ആധ്യാത്മികതയും വിശ്വാസജീവിതവും വളർത്തണം. ശരിയായ വിശ്വാസകൈമാറ്റം, ആരാധനാക്രമത്തിൽ ശരിയായ വിശ്വാസാഘോഷം, ശരിയായ വിശ്വാസജീവിതം എന്നതാവണം വിശ്വാസവർഷത്തിന്റെ ലക്ഷ്യം. വിശുദ്ധ കുർബാനയ്ക്കും കൂദാശകൾക്കും വിശ്വാസ ജീവിത ത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം നല്കണം. വിശുദ്ധ കുർബാനയിൽ

കേന്ദ്രീകൃതമായി ജീവിക്കാൻ സഹായിക്കുന്ന ധ്യാനങ്ങളും പരിശീലനപരിപാടികളും ഉണ്ടാകണം.

4) കൂട്ടായ്മാബോധത്തിൽ അജപാലനം ഇടവകതലത്തിൽ നടത്തുന്നതിന് എല്ലാ മാസവും ചെയ്യേണ്ട കാര്യങ്ങൾ വൈദികരും സന്ന്യസ്തരും അല്മായ പ്രതിനിധികളും ഒന്നിച്ചിരുന്ന് തീരുമാനിക്കുകയും അടുത്ത മാസം പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുകയും വേണം. സമർപ്പിതരും വൈദികരും അജപാലന പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കണം. ആളുകളുടെ ആവശ്യങ്ങൾ അറിഞ്ഞുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടത്. വൈദികരും സിസ്റ്റേഴ്സും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം.

5) വിശ്വാസവർഷത്തിൽ ജനങ്ങളുടെ മാനസാന്തരത്തിന് ഉതകുന്ന ഉത്തമമായ ആദ്ധ്യാത്മിക ശുശ്രൂഷകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കണം. നിരന്തരമായ മാനസാന്തരം ഏവർക്കും ആവശ്യമാണ്. ക്രിസ്തുവിലേക്കും അവിടത്തെ സഭയിലേക്കുമുള്ള മാനസാന്തരം അനിവാര്യമാണ്. സഭാത്മകജീവിതത്തിനു വേണ്ട പരിശീലനം എല്ലാവർക്കും നല്കാൻ സാധിക്കണം.

6) പരിശുദ്ധാത്മാവ് സഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിപരമായ പ്രവർത്തനങ്ങളോടൊപ്പം സഭയിൽ പ്രവർത്തിക്കുന്ന സജീവനായ പരിശുദ്ധാത്മാവായ ദൈവത്തെക്കുറിച്ചുള്ള ബോധനം വിശ്വാസവർഷത്തിൽ നല്കാൻ സാധിക്കണം.

7) തീർത്ഥാടനകേന്ദ്രങ്ങളോടനുബന്ധിച്ചുള്ള അനുഷ്ഠാനങ്ങൾ ശരിയായ വിശ്വാസം ആഴപ്പെടുത്താൻ പോന്നതായിരിക്കണം. അബദ്ധധാരണയ്ക്കൊ അന്ധവിശ്വാസങ്ങൾക്കിടയാക്കുന്ന അനുഷ്ഠാനങ്ങൾക്കൊ പാരമ്പര്യങ്ങൾക്കൊ പ്രോത്സാഹനം കൊടുക്കരുത്.

8) സെക്ടുകളിലേക്കും സാത്താൻ സേവയിലേക്കും മറ്റു അന്ധവിശ്വാസങ്ങളിലേക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥ വിശ്വാസത്തിൽ നിലനിറുത്താനും ആഴപ്പെടുത്താനുമുള്ള ശ്രമങ്ങൾ ഉണ്ടാകണം. പോയവരെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമം വിശ്വാസവർഷത്തിൽ നടത്തണം. ഇടവകസമൂഹത്തിന്റെ മുഴുവൻ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

9) ഫുൾടൈം പാരീഷ് മിനിസ്ട്രിയിൽ ചില സിസ്റ്റേഴ്സിനെയും അല്മായരെയും ഉൾപ്പെടുത്തണം. അതിനായി അവരെ പ്രത്യേകം സജ്ജമാക്കണം. ആവശ്യമുള്ളവർക്ക് സാമ്പത്തിക സഹായം നല്കണം. സിസ്റ്റേഴ്സ് വീടുകൾ സന്ദർശിച്ച് വേണ്ട സഹായം കുടുംബാംഗങ്ങൾക്ക് നല്കുന്നതിൽ ഉത്സുകരാകണം.

10) വിശ്വാസത്തെ തീർത്തും വ്യക്തിപരമായി മാത്രം കാണുന്നതും പൊതുരംഗത്ത് വിശ്വാസത്തിനു സാംഗത്യമില്ലെന്ന് കല്പിക്കു ന്നതുമായ രീതിയിലുള്ള സെക്കുലറിസം നമ്മുടെ നാട്ടിലും പ്രബല

പ്പെടുന്നുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളെയും രൂപപ്പെടുത്തേണ്ട താണ് വിശ്വാസം. അതുകൊണ്ട് ഈ രീതിയിലുള്ള സെക്കുല റിസത്തെ ചെറുക്കാൻ വിശ്വാസവർഷത്തിൽ പരിശ്രമിക്കണം.

11) ക്രൈസ്തവജീവിതശൈലിയിൽ അനീതിക്കെതിരേയുള്ള പ്രവർത്ത നങ്ങളും ഉണ്ടെന്ന് വിശ്വാസികളെ ബോധ്യപ്പെടുത്തണം. സമൂഹ സുസ്ഥിതിക്കുവേണ്ടി നിലകൊള്ളണം. വിശ്വാസവും പ്രവൃത്തിയും ഒന്നിച്ചുപോകണം. ഗ്രാമസഭകൾ, റസിഡൻഷ്യൽ അസോസിയേ ഷനുകൾ, ഗ്രന്ഥശാലാസംഘങ്ങൾ, സഹകരണസംഘങ്ങൾ, സഹകരണബാങ്കുകൾ, ത്രിതലപഞ്ചായത്തുകൾ എന്നിവയിൽ വിശ്വാസികൾ സജീവമായി പ്രവർത്തിക്കണം. നീതി, വികസനം, സമാധാനം എന്നിവ ലക്ഷ്യംവച്ചാണ് പ്രവർത്തിക്കേണ്ടത്. രാഷ്ട്രീയ രംഗത്ത് ഗുണപരമായി ഇടപെടാനും പ്രവർത്തിക്കാനും ദൈവ ജനത്തെ പ്രാപ്തരാക്കുക ആവശ്യമാണ്.

12) അല്മായർ ചെയ്യുന്ന ഉപവിപ്രവൃത്തികൾക്ക് – മാനസിക രോഗിക ളുടെ ശുശ്രൂഷ, അഗതികൾക്ക് അഭയമരുളൽ തുടങ്ങിയവ – പ്രോത്സാഹനം നല്കണം. സ്നേഹത്താൽ പ്രേരിതമായ വിശ്വാസമാണ് വേണ്ടത്.

13) പാർശ്വവത്കരിക്കപ്പെട്ടവർക്കും ദരിദ്രർക്കും പ്രത്യേക പരിഗണന സഭയിൽ ഉണ്ടാകണം. അവരുടെ ഉന്നമനം ലക്ഷ്യംവച്ച് പ്രവർത്തി ക്കണം. ഓട്ടോ ഡ്രൈവർമാർ, അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ എന്നിവർക്ക് അജപാലനശുശ്രൂഷ ഉറപ്പാക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കണം. ദളിത് ക്രൈസ്തവരുടെ സ്റ്റാറ്റസ് ഉയർത്താൻ പരിശ്രമിക്കണം.

14) സഭയുടെ പ്രവാചകദൗത്യം പരിപോഷിപ്പിക്കപ്പെടണം. ക്രൈസ്തവ ജീവിതസാക്ഷ്യം നിർവഹിക്കുന്നതിൽ അല്മായരെ ഒരുക്കണം.

15) യുവാക്കൾക്കും മുതിർന്നവർക്കും വിശ്വാസത്തിൽ തുടർപരിശീലനം ഉണ്ടാകണം. ബൈബിൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രികൾ, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം എന്നിവ പഠനവിഷയമാകണം. കൗൺസിൽ ഡിക്രികളുടെ പുതിയ തർജ്ജമ ഉണ്ടാകണം. വിശ്വാസപരിശീലനം അനുഭവവേദ്യമാകണം.

16) സഭാപ്രബോധനങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങൾ തിരുത്തപ്പെടണം. സഭയുടെ പ്രബോധനങ്ങൾ കേവലം ഒരു അഭിപ്രായമായി ചിത്രീ കരിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.ധാർമ്മിക ദൈവ ശാസ്ത്രത്തിലും മറ്റും ആപേക്ഷികതാവാദം കടന്നു കയറുന്നതിൽ ജാഗ്രത പാലിക്കാൻ സാധിക്കണം.

17) വിശ്വാസപരിശീലനത്തിന് ആധുനിക സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കണം. വിശ്വാസ കൈമാറ്റത്തിന് എല്ലാവരെയും പ്രാപ്തരാക്കണം. ശാലോം ടിവി, ഗുഡ്നസ് ടിവി തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെടണം.

18) പള്ളികളും സ്ഥാപനങ്ങളും പണിയുന്നതിലെ ധൂർത്ത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. "കോൺക്രീറ്റ് ജംഗിൾ" ആക്കുന്ന രീതി തിരുത്തപ്പെടണം. സഭാസ്ഥാപനങ്ങൾ ജനങ്ങളുടെ ഉപയോഗത്തിനായി പങ്കു വയ്ക്കണം. അവ മാക്സിമം ഉപയോഗിക്കപ്പെടണം. ആവശ്യങ്ങൾക്കുവേണ്ടി മാത്രം നിർമ്മാണ പ്രവർത്ത നങ്ങൾ എന്നു നിശ്ചയിക്കണം.

19) സഭകൾ തമ്മിൽ പരസ്പരപൂരകങ്ങളായി വർത്തിക്കണം. മൂന്നു വ്യക്തിഗതസഭകളും കൂടിയുള്ള പൊതുപ്രവർത്തനങ്ങൾ റീജിയണൽ തലങ്ങളിൽ വിശ്വാസവർഷത്തിൽ സംഘടിപ്പിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ചുള്ള സെമിനാർ ഈ വർഷം റീജിയണൽ ലവലിൽ നടത്തണം.

20) സഭയുടെ പ്രവർത്തനങ്ങൾക്ക് വിശ്വാസികൾ വരുമാനത്തിന്റെ പത്ത് ശതമാനം നല്കി നാം സ്വാശ്രയ രാകണം. ധൂർത്ത്, ആഡംബരം എന്നിവ ഒഴിവാക്കി പൊതുനന്മയ്ക്ക് വേണ്ടി സംഭാവനചെയ്യാൻ വിശ്വാസികൾ സന്നദ്ധരാകണം.

21) ഉയർന്ന തട്ടിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ താഴെത്തട്ടിലും എത്തിക്കാൻ പരിശ്രമിക്കണം. തീരുമാനങ്ങൾ നടപ്പിലാക്കുന്നു എന്ന് പരിശോധിക്കാൻ സ്ഥിരമായ മോണിട്ടറിങ്ങ് സംവിധാനങ്ങൾ ഉണ്ടാകണം.

22) അന്യമതസ്ഥരുമായി സംഭാഷണവും ഒന്നിച്ചുള്ള പ്രവർത്തനവും കരുപ്പിടിപ്പിക്കണം. സ്കൂളുകളിൽ മതമൈത്രി ക്ലബുകൾ, റീജിയണൽ ലവലിൽ മതസൗഹാർദ്ദസമിതികൾ എന്നിവ തുടങ്ങണം.

23) വൈദിക-സന്ന്യസ്ത ദൈവവിളികൾ പ്രോത്സാഹിപ്പിക്കാൻ വൈദികർ ഉത്സുകരാകണം. മാതൃകാപരമായ ജീവിതം, പ്രചോദനാത്മക ജീവിതശൈലികൾ തുടങ്ങിയവയിലൂടെ മാത്രമേ യഥാർത്ഥ ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെടുകയുള്ളൂ എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകണം.

24) ക്രിസ്തീയസഭകൾ ഒരുമിച്ച് പരിസ്ഥിതിസംരക്ഷണത്തിനായി യത്നിക്കണം. മാലിന്യസംസ്കരണം, സൗരോർജ്ജ സ്രോതസുകളുടെ വ്യാപനം എന്നിവയിൽ സഭകൾ കൂടുതൽ ശ്രദ്ധിക്കണം.

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
കൊച്ചി - 682 025/19.06.2012/Ref: 2544/K 35/OL/KCBC/DS

# വിശ്വാസവർഷം

**2012 ഒക്ടോബർ 11 – 2013 നവംബർ 24**

*"സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസം" – ഗലാത്തിയ 5:6*

**രൂപീകരണഭവനങ്ങൾക്കുള്ള കെസിബിസി നിർദ്ദേശങ്ങൾ**

കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോമലങ്കരസഭകളുടെ കീഴിലുള്ള മേജർ മൈനർ സെമിനാരികളിലെയും സന്ന്യാസീ സന്ന്യാസിനി സമൂഹങ്ങളുടെ രൂപീകരണഭവനങ്ങളിലെയും വിശ്വാസ വർഷാചരണം സംബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻ സമിതി നല്കുന്ന നിർദ്ദേശങ്ങൾ :

1. 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവത്രികസഭ ആചരിക്കുന്ന വിശ്വാസവർഷം കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോമലങ്കര സഭകളിലെ എല്ലാ രൂപീകരണ ഭവനങ്ങളിലും പ്രത്യേകിച്ച് മേജർ, മൈനർ സെമിനാരികളിലും സമർപ്പിതസമൂഹങ്ങളുടെ പരിശീലനഭവനങ്ങളിലും സമുചിതമായി ആചരിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും അതിനായി പ്രത്യേക സമിതി രൂപീകരിച്ച് നടപ്പിലാക്കുകയും വേണം.
2. വിശ്വാസവർഷത്തിന്റെ തയ്യാറെടുപ്പെന്ന നിലയിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ അപ്പസ്തോലിക ലേഖനമായ വിശ്വാസത്തിന്റെ വാതിൽ (പോർത്താ ഫീദേയി) ശ്രദ്ധാപൂർവം വായിക്കാനും പഠനപൂർവ്വം ധ്യാനിക്കാനും എല്ലാവരെയും പ്രേരിപ്പിക്കണം. വിശ്വാസതിരുസംഘം വിശ്വാസ വർഷാചരണത്തിനായി നല്കിയിട്ടുള്ള നാല്പതിന കർമ്മപരിപാടികൾ പരിശീലന ഭവനങ്ങളിൽ ചർച്ച ചെയ്ത് തങ്ങൾക്കുതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം.
3. എല്ലാ സഭാസ്ഥാപനങ്ങളിലും വിശ്വാസവർഷത്തിന്റെ ആഘോഷപൂർവകമായ ഉദ്ഘാടനവും ആഘോഷ പൂർവകമായ സമാപനവും ഉണ്ടാകുന്നത് സമുചിതമായിരിക്കും. ഓരോ മാസവും പ്രത്യേക ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് പരിപാടികൾ ആസൂത്രണം ചെയ്യുന്നത് അഭികാമ്യമാണ്. വിശ്വാസവർഷത്തിന്റെ ആശയവും ചൈതന്യവും സംവേദിക്കുന്ന പതാകയോ തത്തുല്യമായ എന്തെങ്കിലുമോ പരിശീലന ഭവനങ്ങളുടെ ദൈവാലയത്തിൽ സ്ഥാപിക്കുന്നത് നല്ലതാണ്. ഫ്ളക്സും തെർമോക്കോളും പൂർണമായി ഒഴിവാക്കേണ്ടതാണ്.
4. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, യുവജനമതബോധന ഗ്രന്ഥം എന്നിവ പ്രത്യേകം പഠിപ്പിക്കാനുള്ള ക്രമീകരണങ്ങൾ

ഉണ്ടാകണം. ഇവയെ സംബന്ധിച്ച ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, സിംപോസിയങ്ങൾ, ഡിബേറ്റുകൾ, ലേഖനമത്സരങ്ങൾ, ക്വിസ് കോമ്പറ്റീഷൻ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്.

## വിശ്വാസവർഷം: രൂപീകരണഭവനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

5. പരിശീലനഭവനങ്ങളിലെ പഠനവിഷയങ്ങളിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾക്കും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിനും ആവശ്യമായ പ്രാധാന്യം ഉണ്ടെന്ന് ഉറപ്പുവരുത്തണം. ഇങ്ങനെ പരിശീലനത്തിന് വിധേയരാകുന്നവർ ദൈവജനത്തെ അവ പഠിപ്പിക്കുകയും അവയുൾക്കൊള്ളുന്ന സൈദ്ധാന്തികതലം മനസ്സിലാക്കാൻ അവരെ സഹായിക്കുകയും വേണം. സെമിനാരി വിദ്യാർത്ഥികൾക്കും അർത്ഥിനികൾക്കും വിശ്വാസവർഷത്തിലെ പ്രത്യേക അജപാലനപ്രവർത്തനങ്ങളിൽ സഹകരിക്കാനുള്ള അവസരങ്ങൾ ഉണ്ടാകണം. അതിനുള്ള പദ്ധതികൾ പരിശീലനഭവനങ്ങൾ ആസൂത്രണം ചെയ്യണം. കെസിബിസി പ്രസിദ്ധീകരിച്ചിരിക്കുന്ന വിശ്വാസത്തിലെ വ്യതിചലനങ്ങളെ ക്കുറിച്ചുള്ള പഠനരേഖ വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടതാണ്.
6. സാധിക്കുന്നത്ര വിശുദ്ധരുടെ ജീവചരിത്രം ഈ വർഷത്തിൽ വിദ്യാർത്ഥികളെ പരിചയപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള വാഴ്ത്തപ്പെട്ടവരെയും ദൈവദാസരെയുംകുറിച്ച് പ്രചോദനാത്മകമായ അവബോധം ഏവർക്കും നല്കണം.
7. കേരളത്തിലെ കത്തോലിക്കാസഭയെക്കുറിച്ച് ആഴമാർന്ന ദർശനം നല്കാൻ വിശ്വാസവർഷം ഉപകരിക്കണം. സമൂഹത്തിന് സഭ നല്കിയതും നല്കികൊണ്ടിരിക്കുന്നതുമായ സേവനങ്ങളെക്കുറിച്ച് പരിശീലനാർത്ഥികൾക്ക് വേണ്ടത്ര അറിവു നല്കണം. സഭയുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങളെക്കുറിച്ച് പഠിപ്പിക്കുകയും കേരളത്തിലെ ഇതര ക്രൈസ്തവസഭകളെ പരിചയപ്പെടുത്തുകയും വേണം.
8. ദാനമായി ലഭിച്ച കത്തോലിക്കാവിശ്വാസത്തിന് നന്ദി പറയാനും വിശ്വാസത്തിൽ അടിയുറച്ച് നിലനില്ക്കാനും വിശ്വാസത്തിന് സജീവ സാക്ഷ്യം നല്കാനും വിശ്വാസവർഷ കർമ്മപരിപാടികൾ വൈദികാർത്ഥികളെയും സന്ന്യാസാർത്ഥിനികളെയും സഹായിക്കണം.

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് ഫ്രാൻസിസ് കല്ലറക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചു ബിഷപ് തോമസ് മാർ കൂറിലോസ്**
സെക്രട്ടറി ജനറൽ, കെസിബിസി

## യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രത്യക്ഷപ്പെടലുകൾ അല്ലെങ്കിൽ വെളിപാടുകൾ: തിരിച്ചറിയൽ പ്രക്രിയയുടെ നിയമങ്ങൾ

## വിശ്വാസതിരുസംഘം

മുഖവുര

1. വിശ്വാസത്തെയും ധാർമ്മികതയെയുംകുറിച്ചുള്ള പ്രബോധം വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട യോഗ്യത വിശ്വാസതിരുസംഘത്തിനുണ്ട്. വിശ്വാസത്തിന്റെ ശരിയായ ധാരണയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിശോധിക്കാനും ഈ തിരുസംഘത്തിനു അധികാരമുണ്ട്. ഇപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ഉദാഹരണങ്ങളാണ് മിഥ്യയായ മിസ്റ്റിസിസം, യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രത്യക്ഷങ്ങൾ, ദർശനങ്ങൾ, പ്രകൃത്യതീത സ്രോതസുകളിൽ നിന്നുള്ളതെന്ന് അവകാശപ്പെടുന്ന സന്ദേശങ്ങൾ എന്നിവ. വൈകാരിക പ്രാധാന്യമുള്ള ഇക്കാര്യങ്ങളെ സംബന്ധിച്ച് മുപ്പതു വർഷങ്ങൾക്കു മുമ്പ് ഈ തിരുസംഘം ചില മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. "സാങ്കല്പിക പ്രത്യക്ഷപ്പെടലുകളെയും വെളിപാടുകളെയും തിരിച്ചറിയാനുള്ള പ്രക്രിയയുടെ രീതി സംബന്ധിച്ച നിയമങ്ങൾ" (Normae de modo procedendi in diudicandis pruesumptis apparitionibus ac revelationibus) എന്നാണ് അതിന്റെ പേര്. തിരുസംഘത്തിന്റെ സമ്പൂർണ സമ്മേളനം ക്രോഡീകരിച്ചതാണ് ആ രേഖ. ദൈവദാസനായ പോൾ ആറാമൻ മാർപാപ്പാ 1978 ഫെബ്രുവരി 24–ന് അത് അംഗീകരിക്കുകയും തുടർന്ന് 1978 ഫെബ്രുവരി 25–ന് അതു പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആ നിയമങ്ങൾ മെത്രാന്മാരുടെ അറിവിനായി അയച്ചിരുന്നു. അത് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചില്ല. കാരണം, അതിലെ നിയമങ്ങൾ സഭയുടെ അജപാലകരെ നേരിട്ടു സഹായിക്കാൻ വേണ്ടി നല്കപ്പെട്ടവയായിരുന്നു.
2. കഴിഞ്ഞവർഷങ്ങളിൽ ആ രേഖ, ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ ഭാഷകളിലുള്ള ചില ഗ്രന്ഥങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ തിരുസംഘത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിക്കാതെയാണ് അപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടത്. ആ മാനദണ്ഡങ്ങളുടെ ഉള്ളടക്കം ഇന്ന് പൊതജനമധ്യത്തിൽ എത്തിയിരിക്കുന്നുവെന്ന് കരുതുന്നു. അതുകൊണ്ട് അത് ഇപ്പോൾ പ്രസിദ്ധീകരിക്കുക നന്നായിരിക്കുമെന്ന് വിശ്വാസസത്യതിരുസംഘം വിചാരിക്കുന്നു, സുപ്രധാനഭാഷകളിൽ ഇതു വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.
3. ദൈവവചനത്തെക്കുറിച്ച് 2008 ഒക്ടോബറിൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ സാധാരണ സമ്മേളനത്തിൽ, പ്രകൃത്യതീത പ്രതിഭാസങ്ങളുടെ അനുഭവത്തിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങളെ അജപാലനസംബന്ധമായ പ്രശ്നങ്ങളെന്ന നിലയിൽ ചില മെത്രാന്മാർ അവതരിപ്പിച്ചു. പരിശുദ്ധ

പിതാവ് ബെനഡിക്ട് 16–ാമൻ മാർപാപ്പാ അവരുടെ താത്പര്യം അംഗീകരിക്കുകയും സിനഡനന്തര അപ്പസ്തോലികാഹ്വാനമായ "കർത്താവിന്റെ വചനം" *(Verbum Domini)* എന്ന ലേഖനത്തിൽ പ്രത്യേകം അത് ചേർക്കുകയും ചെയ്തു. രക്ഷാപദ്ധതിയുടെ കൂടുതൽ വിപുലമായ സാഹചര്യത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് അങ്ങനെ ചെയ്തിരിക്കുന്നത്. ഇത്തരം പ്രകൃത്യതീത പ്രതിഭാസങ്ങളിൽ പര്യാപ്തമായ ശ്രദ്ധ ചെലുത്താനുള്ള ക്ഷണം ആ അപ്പസ്തോലികാഹ്വാനത്തിൽ പരിശുദ്ധ പിതാവു നല്കിയിട്ടുണ്ട്. ആ പ്രബോധനം ഓർമ്മിക്കുക സുപ്രധാന കാര്യമാണ്: ഈ വസ്തുത ഓർമ്മിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ബെനഡിക്ട് 16–ാമൻ, താഴെക്കാണുംവിധം പ്രസ്താവിക്കുന്നു:

4. "യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രത്യക്ഷപ്പെടലുകളെയും വെളിപാടുകളെയും തിരിച്ചറിയാനുള്ള പ്രക്രിയാരീതിയെ സംബന്ധിച്ച നിയമങ്ങൾ" എന്ന ഈ രേഖയുടെ ഔദ്യോഗികമായ പ്രസിദ്ധീകരണം കത്തോലിക്കാസഭയിലെ അജപാലകർക്കു സഹായകമായിരിക്കുമെന്നു ഞാൻ ദൃഢമായി പ്രതീക്ഷിക്കുന്നു. പ്രത്യക്ഷപ്പെടലുകൾ, വെളിപാടുകൾ, സന്ദേശങ്ങൾ എന്നിവയെ അല്ലെങ്കിൽ പൊതുവേ പറഞ്ഞാൽ പ്രകൃത്യതീതമായി ഉദ്ഭവിച്ചതെന്നു കരുതപ്പെടുന്ന അസാധാരണ പ്രതിഭാസങ്ങളെ തിരിച്ചറിയുകയെന്ന പ്രയാസം നിറഞ്ഞ പ്രവൃത്തിയിൽ അജപാലകരെ ഇതു സഹായിക്കും. അതേസമയം, ദൈവശാസ്ത്രജ്ഞർക്കും സഭയുടെ ജീവിതാനുഭവത്തിന്റെ ഈ മണ്ഡലത്തിലെ വിദഗ്ധർക്കും ഈ രേഖ ഉപകാരപ്രദമാകുമെന്നും പ്രത്യാശിക്കുന്നു. അവരുടെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട ദൗത്യം പൂർവാധികം സമഗ്രമായ പരിചിന്തനം ആവശ്യപ്പെടുന്നു.

**വില്യം കാർഡിനൽ ലെവാദ, പ്രീഫെക്ട്**

വത്തിക്കാൻ സിറ്റി സ്റ്റേറ്റ്, വിശ്വാസതിരുസംഘം 14 ഡിസംബർ 2011,
കുരിശിന്റെ യോഹന്നാന്റെ തിരുനാൾ

## വിശ്വാസതിരുസംഘം യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രത്യക്ഷപ്പെടലുകൾ അല്ലെങ്കിൽ വെളിപാടുകൾ: തിരിച്ചറിയൽ പ്രക്രിയയുടെ നിയമങ്ങൾ – ഈ നിയമങ്ങളുടെ ഉത്പത്തിയും സ്വഭാവവും

### പ്രാരംഭകുറിപ്പ്

ഈ തിരുസംഘത്തിന്റെ 1974 നവംബറിൽ നടന്ന വാർഷിക സമ്പൂർണ സെഷനിൽ സമ്മേളിച്ച പിതാക്കന്മാർ, യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രത്യക്ഷപ്പെടലുകളെയും മിക്കപ്പോഴും അവയോടു ബന്ധപ്പെട്ട വെളിപാടുകളെയും സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിച്ചു. അവർ താഴെക്കാണുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു:

1. ഇത്തരം പ്രത്യക്ഷപ്പെടലുകളെക്കുറിച്ചുള്ള വാർത്തകൾ വിശ്വാസികളുടെ

യിടയിൽ കഴിഞ്ഞകാലത്തെക്കാൾ കൂടുതലായി ഇന്നു വളരെ വേഗം പ്രചരിക്കുന്നു. സാമൂഹികസമ്പർക്ക മാധ്യമങ്ങൾ അതിനു വലിയ സഹായകമാകുന്നു. കൂടാതെ, ഇന്ന് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് യാത്ര ചെയ്യാൻ എളുപ്പമുണ്ട്. അത് കൂടെക്കൂടെ സംഭവിക്കുന്ന തീർത്ഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ട് അത്തരം കാര്യങ്ങളുടെ യോഗ്യതകളെ സഭാധികാരികൾ വേഗത്തിൽ വിവേചിക്കണം.

2. അത്തരം കാര്യങ്ങളെ സംബന്ധിച്ച അന്വേഷണഫലമായി നിഗമനത്തിലെത്തിച്ചേരാൻ (അവ പ്രകൃത്യതീതമാണോ അല്ലയോ എന്നു തീരുമാനിക്കാൻ) പണ്ട് വേഗത്തിൽ സാധിക്കുമായിരുന്നു. വിശ്വാസികളുടെയിടയിലുള്ള പരസ്യമായ വണക്കമോ (cult) ഭക്തിയുടെ മറ്റു പ്രകടനങ്ങളോ അംഗീകരിക്കാനോ നിരോധിക്കാനോ എളുപ്പമായിരുന്നു. ഇന്ന്, നേരേ മറിച്ച് ആധുനിക മനോഭാവവും വിമർശനാത്മകമായ ശാസ്ത്രീയ അന്വേഷണവും അക്കാര്യം പ്രയാസമുള്ളതാക്കിത്തീർത്തിരിക്കുകയാണ്. ഇക്കാരണങ്ങളാൽ, ഇത്തരം വസ്തുതകളുടെ ഫലമായി വിശ്വാസികളുടെയിടയിൽ ഉദ്ദീപിപ്പിക്കപ്പെടുന്ന ഭക്തി സഭയുമായുള്ള പൂർണമായ കൂട്ടായ്മയിൽ പ്രകടിപ്പിക്കപ്പെടുകയും ഫലങ്ങൾ പുറപ്പെടുത്തുകയും വേണം. അങ്ങനെ സഭ ആ വസ്തുതകളെ ശരിയായ സ്വഭാവമുള്ളവയായി പിന്നീട് തിരിച്ചറിയാൻ ഇടയാകണം. അതുകൊണ്ട് ഈ വിഷയത്തിൽ താഴെപ്പറയുന്ന പ്രക്രിയ വളർത്തപ്പെടണമെന്ന് പിതാക്കന്മാർ നിശ്ചയിച്ചു: യഥാർത്ഥമെന്നു കരുതപ്പെടുന്ന ഒരു പ്രത്യക്ഷീകരണത്തെയോ വെളിപാടിനെയോ സംബന്ധിച്ച് സഭാധികാരി അറിയുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിനു ഉത്തരവാദിത്വമുണ്ട്.

എ) ആദ്യം ഭാവാത്മകവും നിഷേധാത്മകവുമായ മാനദണ്ഡങ്ങളനുസരിച്ച് ആ വസ്തുതയെക്കുറിച്ച് വിധി നിർണയം നടത്തുക (cf infra No. 1).

ബി) എന്നിട്ട് ഈ പരിശോധനയുടെ ഫലമായി അനുകൂലമായ ഒരു നിഗമനത്തിലെത്തിയാൽ, വണക്കത്തിന്റെ ചെറിയ തോതിലുള്ള പരസ്യമായ പ്രകടനം അനുവദിക്കുക. വലിയ തോതിലുള്ള വിവേകത്തോടെ നിരീക്ഷിച്ചുകൊണ്ടു വേണം അങ്ങനെ ചെയ്യാൻ ("ഇപ്പോൾ ഒന്നും തടസ്സമായി നില്ക്കുന്നില്ല" എന്ന സൂത്രവാക്യത്തിനു തുല്യമായ രീതിയിൽ വിവേകം കാണിക്കണം).

സി) അവസാനമായി, കടന്നുപോയ കാലത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ, ഈ പുതിയ ഭക്തിയിൽ നിന്നുണ്ടായിട്ടുള്ള ആധ്യാത്മിക ഫലത്തിന്റെ സമൃദ്ധിയെ പ്രത്യേകം പരിഗണിച്ചുകൊണ്ട്, ആ വസ്തുത യോഗ്യതയുള്ളതാണെങ്കിൽ അതിന്റെ അകൃത്രിമതയും പ്രകൃത്യതീത സ്വഭാവവും സംബന്ധിച്ച വിധിപ്രസ്താവന നടത്തുക.

**1. യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രത്യക്ഷപ്പെടലുകളുടെയോ വെളിപാടുകളുടെയോ സ്വഭാവത്തെ സംബന്ധിച്ച് ശരിയാകാൻ സാധ്യ**

**തയെങ്കിലുമുള്ള വിധി പറയാൻ വേണ്ട മാനദണ്ഡങ്ങൾ**

**A) ഭാവാത്മക മാനദണ്ഡങ്ങൾ**

a) സംഭവത്തിന്റെ അസ്തിത്വത്തെക്കുറിച്ച്, ഗൗരവപൂർണമായ അന്വേഷണം വഴി ലഭിച്ച ധാർമ്മിക തീർച്ച അല്ലെങ്കിൽ വലിയ സാധ്യതയെങ്കിലും ഉണ്ടായിരിക്കുക.

b) സംഭവത്തിന്റെ അസ്തിത്വത്തെയും സ്വഭാവത്തെയും സംബന്ധിച്ച പ്രത്യേക സാഹചര്യങ്ങൾ ഉണ്ടായിരിക്കണം. അതായത്,

1) വ്യക്തിയുടെ അഥവാ വ്യക്തികളുടെ വ്യക്തിപരമായ ഗുണങ്ങൾ (പ്രത്യേകിച്ച്, മനശ്ശാസ്ത്രപരമായ സന്തുലിതാവസ്ഥ, സത്യസന്ധത, ധാർമ്മിക ജീവിതത്തിന്റെ സാധുത, ആത്മാർത്ഥതയും സഭാധികാരികളോടുള്ള ശീലപരമായ വിധേയത്വവും, വിശ്വാസജീവിതത്തിന്റെ സാധാരണക്രമത്തിലേക്ക് തിരിച്ചുപോകാനുള്ള കഴിവ് മുതലായവ).

2) വെളിപാടിനെ സംബന്ധിച്ചിടത്തോളം ദൈവശാസ്ത്രപരവും ആധ്യാത്മികവുമായ ശരിയായ സിദ്ധാന്തം, അബദ്ധത്തിൽ നിന്നുള്ള വിമുക്തത എന്നിവ.

3) ഗുണപരമായ ഭക്തിയും സമൃദ്ധവും സ്ഥിരവുമായ ആധ്യാത്മികഫലവും (ഉദാഹരണമായി, പ്രാർത്ഥനാചൈതന്യം, മാനസാന്തരം, പരസ്നേഹപ്രവർത്തനത്തിന്റെ സാക്ഷ്യങ്ങൾ മുതലായവ).

**B) നിഷേധാത്മക മാനദണ്ഡങ്ങൾ**

a) സംഭവത്തെ സംബന്ധിച്ച സുവ്യക്തമായ പിശക്

b) ദൈവത്തിലോ കന്യകാമറിയത്തിലോ ഏതെങ്കിലും വിശുദ്ധരിലോ അവരുടെ പ്രകടനങ്ങളെ സംബന്ധിച്ച് സിദ്ധാന്തപരമായ തെറ്റുകൾ ആരോപിക്കൽ. വ്യക്തി, അബോധപൂർവ്വകമായിട്ടെങ്കിലും കേവലം മാനുഷികമായ ഘടകങ്ങളോ സ്വാഭാവികക്രമത്തിന്റെ പിശകോ അകൃത്രിമമായ അതിസ്വാഭാവിക വെളിപാടിനോടു കൂട്ടിച്ചേർക്കാൻ സാധ്യതയുണ്ടെന്ന കാര്യം പരിഗണിക്കുകയും വേണം (cf Saint Ignatius, Exercises, No. 336).

c) സംഭവത്തോടു കൃത്യമായി ബന്ധപ്പെടുത്തി ലാഭത്തിനോ നേട്ടത്തിനോ വേണ്ടിയുള്ള അന്വേഷണമുണ്ടെന്നതിന്റെ തെളിവ്.

d) സംഭവമുണ്ടായപ്പോഴോ അതിനോടു ബന്ധപ്പെടുത്തിയോ വ്യക്തിയോ ആ വ്യക്തിയുടെ അനുയായികളോ ചെയ്ത ഗൗരവപൂർണമായ അധാർമ്മിക പ്രവൃത്തികൾ.

e) യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രകൃത്യതീത സംഭവത്തെ തീർച്ചയായും സ്വാധീനിച്ചിട്ടുള്ളതും വ്യക്തിയിലുള്ളതുമായ മനശ്ശാസ്ത്രപരമായ ക്രമക്കേട്, അല്ലെങ്കിൽ മനോരോഗപരമായ പ്രവണതകൾ അല്ലെങ്കിൽ മനോരോഗമോ സംഘാത്മക ഹിസ്റ്റീരിയയോ അതുപോലുള്ള മറ്റെന്തെങ്കിലുമോ. ഈ മാനദണ്ഡങ്ങൾ– ഭാവാത്മകമായാലും നിഷേധാത്മകമായാലും – ഖണ്ഡിത മാനദണ്ഡങ്ങളല്ല. പിന്നെയോ അവ സൂചനാത്മകങ്ങളാണ്. അവ ഒന്നിച്ച് അല്ലെങ്കിൽ പരസ്പരം ബന്ധപ്പെടുത്തി ഉപയോഗിക്കണ

മെന്ന കാര്യം ശ്രദ്ധിക്കുക.

## II. യോഗ്യതയുള്ള സഭാധികാരിയുടെ ഇടപെടൽ

1. ഒരു യഥാർത്ഥമെന്നു കരുതപ്പെടുന്ന പ്രകൃത്യതീതസംഭവമുണ്ടാകുന്ന സന്ദർഭത്തിൽ സ്വാഭാവികമായി വിശ്വാസികളുടെയിടയിൽ ഏതെങ്കിലും വണക്കമോ ഭക്തിപ്രകടനമോ ഉണ്ടാകുന്നുണ്ടെങ്കിൽ താമസം കൂടാതെ അത് അന്വേഷിക്കാനും ശ്രദ്ധാപൂർവം അതു നിരീക്ഷിക്കാനും യോഗ്യതയുള്ള സഭാധികാരിക്ക് ഗൗരവപൂർണമായ കടമയുണ്ട്.
2. വിശ്വാസികൾ നിയമാനുസൃതം (അതായത് വിഭാഗീയ ചിന്തയാൽ പ്രേരിപ്പിക്കപ്പെടാതെ, അജപാലകരുമായുള്ള സംസർഗത്തിൽ) അപേക്ഷിച്ചാൽ വണക്കത്തിന്റെയോ ഭക്തിയുടെയോ ഏതെങ്കിലും രൂപം അനുവദിക്കാനോ വളർത്താനോ ഇടപെടാൻ സഭാധികാരികൾക്ക് സാധിക്കും. മുൻപറഞ്ഞ മാനദണ്ഡങ്ങൾ പ്രയോഗിച്ചിട്ട് തടസ്സമൊന്നുമില്ലെങ്കിൽ അങ്ങനെ ചെയ്യാം. സഭയുടെ ഭാഗത്തുനിന്ന് ആ സംഭവത്തിന്റെ പ്രകൃത്യതീതസ്വഭാവം അംഗീകരിക്കുന്നതായി ഈ പ്രവൃത്തി (അനുവാദം) വിശ്വാസികൾ വ്യാഖ്യാനിക്കാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കണം (cf പ്രാരംഭകുറിപ്പ് c)

3) സിദ്ധാന്തപരവും അജപാലനപരവുമായ കടമയുണ്ടെന്ന കാരണത്താൽ സഭാധികാരിക്ക് സ്വന്തം തീരുമാനപ്രകാരം (*motu proprio*) ഇടപെടാവുന്നതാണ്. ഗൗരവപൂർണമായ സാഹചര്യങ്ങളിൽ തീർച്ചയായും അങ്ങനെ ചെയ്യണം. ഉദാഹരണമായി, ആരാധനയുടെ (വണക്കത്തിന്റെ)യും ഭക്തിയുടെയും അഭ്യസനത്തിൽ തെറ്റുതിരുത്താനും ദുരുപയോഗം തടയാനും അബദ്ധസിദ്ധാന്തത്തെ ശപിച്ചുതള്ളാനും മിഥ്യയോ അനുചിതമോ ആയ മിസ്റ്റിസിസത്തിന്റെ അപകടങ്ങൾ ഒഴിവാക്കാനും മറ്റുമായി അങ്ങനെ ചെയ്യണം.

4. സംശയകരവും സഭയുടെ നന്മയെ അപകടപ്പെടുത്താത്തതുമായ സംഭവങ്ങളിൽ സഭാധികാരി വിധി പ്രസ്താവനയിൽ നിന്നും നേരിട്ടുള്ള നടപടിയിൽ നിന്നും മാറി നില്ക്കണം. (എന്തെന്നാൽ കുറച്ചുകാലം കഴിയുമ്പോൾ യഥാർത്ഥമെന്നു കരുതുന്ന പ്രകൃത്യതീയ സംഭവം വിസ്മരിക്കപ്പെട്ടു പൊയ്ക്കൊള്ളും). അത്യാവശ്യമെങ്കിൽ പെട്ടെന്നു, വിവേകത്തോടെ ഇടപെട്ടുകൊണ്ട് ജാഗ്രതയിൽ നിന്ന് ഒഴിവാകാതിരിക്കുകയും വേണം.

## III. ഇടപെടാൻ യോഗ്യതയുള്ള അധികാരികൾ

1. സർവോപരി ജാഗ്രത പാലിക്കാനും ഇടപെടാനുമുള്ള കടമ സ്ഥലത്തെ മെത്രാനുള്ളതാണ്.
2. പ്രാദേശികമോ ദേശീയമോ ആയ മെത്രാന്മാരുടെ കോൺഫ്രൻസുകൾക്ക് ഇടപെടാം:

a) സ്ഥലത്തെ മെത്രാൻ തനിക്കു കഴിയുന്നതെല്ലാം ചെയ്തിട്ട് കൂടുതൽ തീർച്ചയോടെ ആ വിഷയത്തെക്കുറിച്ചു വിധിത്തീർപ്പു നടത്താൻ

കോൺഫറൻസിനെ ആശ്രയിക്കുമ്പോൾ.

b) വിഷയം ദേശീയമോ പ്രാദേശികമോ ആയ തലത്തെ സംബന്ധിക്കുന്ന താണെങ്കിൽ. എന്നാൽ, അങ്ങനെ ഇടപെടുന്നതിന് സ്ഥലത്തെ മെത്രാന്റെ അനുവാദം മുൻകൂട്ടി വാങ്ങിച്ചിരിക്കണം.

3. അപ്പസ്തോലിക സിംഹാസനത്തിന് ഇടപെടാം. സ്ഥലത്തെ മെത്രാനോ വിശ്വാസികളുടെ യോഗ്യതയുള്ള ഒരു ഗ്രൂപ്പോ ആവശ്യപ്പെട്ടാൽ അങ്ങനെ ചെയ്യാം. മാർപാപ്പായ്ക്കുള്ള സാർവത്രിക ഭരണാധികാരം മൂലം നേരിട്ട് ഇടപെടുകയും ചെയ്യാം (cf infra No. IV)

## IV വിശ്വാസസത്യതിരുസംഘത്തിന്റെ ഇടപെടലിനെക്കുറിച്ച്

1. a) ചെയ്യാവുന്നതു നിർവഹിച്ചിട്ട് സ്ഥലത്തെ മെത്രാനോ അല്ലെങ്കിൽ വിശ്വാസികളുടെ യോഗ്യതയുള്ള ഒരു ഗ്രൂപ്പിനോ വിശ്വാസസത്യതിരുസംഘത്തോട് ഈ വിഷയത്തിൽ ഇടപെടാൻ അപേക്ഷിക്കാം. വിശ്വാസികളുടെ ഗ്രൂപ്പ് അപേക്ഷിക്കുന്നെങ്കിൽ, സംശയാസ്പദമായ ലക്ഷ്യങ്ങളാൽ തിരുസംഘത്തെ സമീപിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ തിരുസംഘം ശ്രദ്ധിക്കണം. (ഉദാഹരണമായി, മെത്രാന്റെ നിയമാനുസൃത തീരുമാനങ്ങളെ വ്യത്യാസപ്പെടുത്താൻ പ്രേരിപ്പിക്കുന്നതിന്, ഏതെങ്കിലും സെക്ടുകളെ പിന്താങ്ങൽ മുതലായവ).

b) കൂടുതൽ ഗൗരവപൂർണമായ സംഭവങ്ങളിൽ സ്വന്തം തീരുമാനപ്രകാരം (motu proprio) ഇടപെടാൻ തിരുസംഘത്തിനു കടമയുണ്ട്. പ്രത്യേകിച്ച് സഭയുടെ വലിയൊരു ഭാഗത്തെ ബാധിക്കുമെങ്കിൽ ആ കടമയുണ്ട്. എപ്പോഴും സ്ഥലത്തെ മെത്രാനോട് ആലോചിച്ചതിനുശേഷമാണ് ഇടപെടേണ്ടത്. സാഹചര്യം ആവശ്യപ്പെടുന്നെങ്കിൽ മെത്രാന്മാരുടെ കോൺഫ്രൻസിനോട് ആലോചിക്കാം.

2. മെത്രാന്റെ നടപടിക്രമത്തെക്കുറിച്ചു വിധി പറയുകയും അതിനെ അംഗീകരിക്കുകയും ചെയ്യേണ്ടത് തിരുസംഘമാണ്. അല്ലെങ്കിൽ സാധ്യവും ഉചിതവുമാണെങ്കിൽ നിർദ്ദിഷ്ട വിഷയത്തെക്കുറിച്ച് പുതിയ പരിശോധന തുടങ്ങുന്നതും തിരുസംഘമാണ്. മെത്രാൻ തുടങ്ങിയതും തിരുസംഘം തന്നെയോ പ്രത്യേക കമ്മീഷനോ നടപ്പിലാക്കിയതുമായ അന്വേഷണത്തിൽ നിന്നു വ്യത്യസ്തമായ അന്വേഷണം തുടങ്ങുന്നതും തിരുസംഘമാണ്. തിരുസംഘത്തിന്റെ സമ്പൂർണ സമ്മേളനത്തിൽ ആലോചിച്ചു നിശ്ചയിച്ച ഈ നിയമങ്ങൾ 1978 ഫെബ്രുവരി 24–ാംതീയതി പോൾ 6–ാമൻ മാർപാപ്പാ അംഗീകരിച്ചു.

**ഫ്രാൻസിസ് കാർഡിനൽ സെപ്പെർ, പ്രീഫെക്ട്**

**ജെറോം ഹാമർ ഒ.പി., സെക്രട്ടറി.**

റോമിൽ, വിശ്വാസതിരുസംഘത്തിന്റെ കാര്യാലയത്തിൽ നിന്ന്

1978 ഫെബ്രുവരി 25

# 2012 ആഗസ്റ്റ് 12 തടവറ പ്രേഷിത ദിനം

കെ.സി.ബി.സി. ജസ്റ്റിസ്, പീസ്, ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ
കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ
പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന
ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1. വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14–നു മുമ്പുള്ള ഞായറാഴ്ചയാണ് തടവറ പ്രേഷിത ദിനമായി നാം ആചരിക്കുന്നത്. ഈ വർഷം അത് ആഗസ്റ്റ് 12–ാം തീയതിയാണ്. സഹോദരനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ 15:13) എന്ന യേശുവചനം അക്ഷരാർത്ഥത്തിൽ നിറവേറ്റിയ വിശുദ്ധനാണ് ഫാ. കോൾബേ. സഹതടവുകാരന് വേണ്ടി താൻ മരിക്കാമെന്ന് ധീരതയോടെ പറയുകയും സന്തോഷത്തോടെ രക്ത സാക്ഷിത്വമകുടം ചൂടുകയും ചെയ്ത മാക്സ്മില്യൻ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ.
2. ജീസസ് ഫ്രട്ടേണിറ്റി (യേശുസാഹോദര്യം) തടവറയിൽ കഴിയുന്ന വരുടെ ക്ഷേമത്തിനായി പ്രവർത്തി ക്കുന്ന ഒരു കൂട്ടായ്മയാണ്. ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങളെന്റെ അടുക്കൽ വന്നു (മത്താ 25:36) എന്ന യേശുവചനമാണ് ഈ ശുശ്രൂഷയുടെ കാതൽ. നീതിമാൻമാരെയല്ല പാപികളെ വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്താ 9:13) എന്നു പറഞ്ഞ് പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷം ചേർന്ന് ബലമില്ലാത്തവന് ബലമായും മുഖമില്ലാത്തവർക്ക് മുഖമായും സ്വരമില്ലാത്തവനു സ്വരമായും ജീവിച്ച യേശുവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും മുഖമാണ് ജീസസ്സ് ഫ്രട്ടേണിറ്റി.
3. മനുഷ്യന്റെ സങ്കടങ്ങളെല്ലാം ഏറ്റെടുത്തവനാണ് ദൈവപുത്രൻ. അവൻ വഹിച്ചത് നമ്മുടെ വേദനകളാ യിരുന്നു. അവൻ ചുമന്നത് നമ്മുടെ ഭാരങ്ങളും (ഏശയ്യ 53:4). കാരാഗൃഹം മനുഷ്യന്റെ നൊമ്പരങ്ങ ളിലൊന്നാണ്. പീലാത്തോസിന്റെ അരമനയിൽ കാരാഗൃഹത്തിൽ ഒരു രാത്രി കഴിഞ്ഞുകൊണ്ട് ഓരോ കാരാഗൃഹവാസിയുടെയും ഒറ്റപ്പെടലിന്റെ മാനസികവും ശാരീരികവുമായ വേദനകളുടെ അനുഭവ ങ്ങൾ യേശു ഏറ്റെടുത്തു. കാരാഗൃഹത്തിൽ ആയിരിക്കുന്ന ഓരോ വ്യക്തിക്കും യേശുവിന്റെ മുഖ മാണ്. ആ തിരുമുഖമാണ് ഓരോ തടവറക്കാരനിലും നാം ദർശിക്കേണ്ടത്. നീ വിധിക്കപ്പെടാതിരിക്കാൻ ആരെയും വിധിക്കരുത് (മത്താ 7:1) എന്ന് യേശു പഠിപ്പിച്ചു. പാപിനിയായ സ്ത്രീയെ കരുണയോടെ അവിടന്ന് രക്ഷിച്ച് മോചിക്കുന്നു. നിങ്ങളിൽ

പാപമില്ലാത്തവൻ അവളെ കല്ലെറിയട്ടെ എന്ന വചനം അവിടെ കൂടിയ ജനകൂട്ടത്തിന്റെ രഹസ്യപാപങ്ങളിലേക്കുള്ള വെളിച്ചം വീശലായിരുന്നു. തെറ്റ് ചെയ്ത വരോട് എത്രമാത്രം കരുണയോടെ നാം പെരുമാറണം എന്ന് യേശുനാഥൻ നമ്മെ ഓർമ്മിപ്പിക്കുകയാണ്. തെറ്റുചെയ്യുക മാനുഷികമാണ്. ക്ഷമിക്കുക ദൈവികവും. നിങ്ങൾ യേശുക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കുവിൻ (ഫിലിപ്പി 2:5) എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം തടവറ പ്രേഷിത പ്രവർത്തനങ്ങൾക്ക് പ്രചോദനമാണ്.

4. കാരാഗൃഹവാസം ഒരുവനെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെടുത്തുന്നുണ്ട്. ജയിലിൽ നിന്നും പുറത്തുവരുന്നവരോട് സമൂഹം ഒരു അകലം സൂക്ഷിക്കാറുണ്ട്. യഥാർത്ഥത്തിൽ കാരാ ഗൃഹത്തിൽ അടയ്ക്കപ്പെടുന്നവർ പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ തെറ്റിൽ വീണു പോയവരാണെന്ന് അവരെ അടുത്തറിയുമ്പോൾ മനസ്സിലാക്കാൻ കഴിയും. അവരുടെ സാഹചര്യമായിരുന്നു നമ്മുടെയെങ്കിൽ നാമും പലപ്പോഴും വീണുപോകുമായിരുന്നു. അതുകൊണ്ട് പാപവഴികളിൽ നടക്കുന്ന ഒരു വ്യക്തിയെ കാണുമ്പോൾ വിശുദ്ധ അഗസ്റ്റിൻ ഇങ്ങനെ പറയുമായിരുന്നു – "അതാ ദൈവകൃപയില്ലാത്ത അഗസ്റ്റിൻ പോകുന്നുവെന്ന്".

5. നമ്മുടെ സഭയുടെ ചരിത്രം കാരാഗൃഹവാസവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അന്യായ തടങ്കലിൽ പീഡനമനുഭവിച്ച് രക്ത സാക്ഷിത്വം വരിച്ച എത്രയോ രക്തസാക്ഷികളാണ് നമുക്കുള്ളത്. ഇന്നും അനേകർ യേശുനാമത്തെ പ്രതി തടവറകളിലായിരിക്കുന്നു. അതുകൊണ്ടുതന്നെ തടവറയിൽ കഴിയുന്നവരോടും അവരുടെ കുടുംബങ്ങളോടും സഭയ്ക്ക് കരുണയും കരുതലുമുണ്ട്. 8 സോണുകളിലായി 46 യൂണിറ്റുകളിൽപ്പെട്ട 1500 ഓളം ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തകർ കേരളത്തിലെ 43 ജയിലുകളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ജയിൽ സന്ദർശനം, കൗൺസലിംഗ്, ലിറ്റർജി, മറ്റ് പ്രോഗ്രാമുകൾ തുടങ്ങിയവയിലൂടെ തങ്ങളുടെ ജയിൽ ജീവിതത്തെ മാനസാന്തരത്തിനുള്ള അവസരമാക്കാൻ തടവറക്കാരെ ഫ്രട്ടേണിറ്റി പ്രവർത്തകർ സഹായിക്കുന്നു. 13 പുനരധിവാസ കേന്ദ്രങ്ങളിലൂടെ തടവറക്കാരെയും അവരുടെ കുടുംബങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വീണ്ടും എത്തിക്കുവാനും ജീസസ്സ് ഫ്രട്ടേണിറ്റി ശ്രദ്ധിക്കുന്നു. കൂടാതെ തടവറക്കാരുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസം, വിവാഹം ഇതിലെല്ലാം ഫ്രട്ടേണിറ്റി സഹായഹസ്തം നീട്ടുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും ഈ ശുശ്രൂഷയ്ക്ക് വേണ്ട സാമ്പത്തിക സഹായം ഉദാരമായി നല്കണമെന്നും സ്നേഹപുരസരം അപേക്ഷിക്കുന്നു..

6. ക്രിസ്തുവിന്റെ സ്നേഹത്താൽ നമ്മെ നിറയ്ക്കുന്നതും സ്വർഗ്ഗരാജ്യപ്രവേശനത്തിന് നമ്മെ സഹായിക്കുന്നതുമായ ഈ മനോഗുണ പ്രവൃത്തിയിൽ പങ്കാളികളാകാൻ പരിശുദ്ധാത്മാവായ ദൈവം എല്ലാവരെയും സഹായിക്കട്ടെ. പിതാവായ ദൈവത്തിന്റെ സ്നേഹവും യേശുക്രിസ്തുവിന്റെ കൃപയും പാവനാത്മാവിന്റെ സഹവാസവും നിങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട്.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമെൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ബോസ്കോ പുത്തൂർ**
വൈസ് ചെയർമെൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡിവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025/12.06.2012/Ref: 2529/K 35/OL/KCBC/DS

N:B: 2012 ആഗസ്റ്റ് 12–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

---

# സ്മരണാഞ്ജലി



| | | |
|---|---|---|
| റവ. ഫാ. ജോർജ്ജ് മാളിയേക്കൽ (Sr.) | : | 16.08.1984 |
| റവ. ഫാ. ജോസഫ് ചിറ്റിലപ്പിള്ളി (Sr.) | : | 24.08.1993 |
| റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായി | : | 28.08.1996 |
| മാർ ജോസഫ് ഇരിമ്പൻ | : | 23.08.1997 |
| റവ. ഫാ. ജോബ് ചിറ്റിലപ്പിള്ളി | : | 28.08.2004 |

00191 Roma June 6, 2012
Via delia Concdiazione, 34
Indirizzo postale : 00120 Citta del Vaticano

CONGREGATIO
ECCLESIIS ORIENTALIBUS
Prot. N. 1/2012

Your Excellency,

I write to acknowledge receipt of the sum of Rupie 130,988.00, designated for the *Collecta pro Terra Sancta*, which has been taken up in your Church for the year 2011.

It is my particular honor to communicate to you the paternal gratitude of His Holiness Benedict XVI for the considerate response which has been shown also this year. Such assistance is all the more appreciated in this challenging period for the Church in the Holy Places, which has only been aggravated by the uncertain international economic situation.

I also express my own most sincere thanks, which I extend to the Priests, Religious men and women, and to all the faithful. Joining me in gratitude are the communities who benefit from the Collection, which supports their evangelical mission, enabling them to he particularly attentive to the needs of the least among us. In this way, charity will continue to open up ever more the Church of Christ to the world.

Assuring you of a fraternal remembrance before the Lord and of my most cordial best wishes, I remain

Sincerely yours in Christ,

Leonardo Card. Sandri
Prefect

Cyril Vasil', S.J.
Archbishop Secretary

His Excellency the Most Reverend
Msgr. Pauly KANNOOKADAN
Bishop of Irinjalakuda
Catholic Bishop's House

# LIVING AND LEARNING 2012

## Ist Batch : September 3-7

1. V. Rev. Fr. Alappadan Antu
2. Rev. Fr. Alappatt Johnson G.
3. Rev. Fr. Alappatt Sinto
4. Rev. Fr. Alappatt Vincent
5. Rev. Fr. Ambadan Raphael
6. V. Rev. Msgr. Ambooken Davis
7. Rev. Fr. Ambooken Paul A.
8. Rev. Fr. Arickat Jose
9. Rev. Fr. Arikkatt Varghese(Jr)
10. Rev. Fr. Arimbully Benny
11. Rev. Fr. Attokkaran Nevin
12. Rev. Fr. Chakkoria Nixon
13. Rev. Fr. Chalissery Vincent
14. Rev. Fr. Chembakassery Vincent
15. Rev. Fr. Cherappanath Pius
16. Rev. Fr. Cheriekkara Ajith
17. Rev. Fr. Cheruvathur Joseph
18. Rev. Fr. Cheruvathur Paul
19. Rev. Fr. Chiramal George
20. V. Rev. Fr. Chirayath Clement
21. Rev. Fr. Chirayath Paul
22. Rev. Fr. Chittilappilly Antony
23. Rev. Fr. Chittilappilly Pius
24. Rev. Fr. Chittilappilly Sinto
25. Rev. Fr. Chungath Anto
26. Rev. Fr. Edattukkaran John
27. Rev. Fr. Elamkunnapuzha Kins
28. Rev. Fr. Elamkunnapuzha Paul
29. Rev. Fr. Elamthuruthy Sherans
30. Rev. Fr. Erathara Wilson
31. Rev. Fr. Gopuram Joseph
32. Rev. Fr. Irimpan Antony
33. Rev. Fr. Irimpan Seejo
34. Rev. Fr. Kachappilly Shaju
35. Rev. Fr. Kadambatt Joy
36. Rev. Fr. Kalambanathadathil Sunny
37. Rev. Fr. Kalan George
38. Rev. Fr. Kallaparambil Sibu
39. Rev. Fr. Kallely Joshy
40. Rev. Fr. Kallingal Joji
41. Rev. Fr. Kanamkudam Joseph
42. Rev. Fr. Kanjithara Seemon
43. Rev. Fr. Kannampuzha Sojan
44. Rev. Fr. Kannookkadan Pauly
45. Rev. Fr. Karippai Manoj
46. Rev. Fr. Karumalikkal Benny
47. Rev. Fr. Karuthy Lijo
48. Rev. Fr. Kattuparambil Titus
49. Rev. Fr. Kavalakkatt John (Sr)
50. Rt. Rev. Msgr. Kavalakkatt Joseph
51. Rev. Fr. Kavil Francis
52. Rev. Fr. Kokkatt Joju
53. Rev. Fr. Koonan Jomon
54. Rev. Fr. Koottala Davis
55. Rev. Fr. Koottala Thomas
56. Rev. Fr. Kottakkal Sibin
57. Rev. Fr. Kozhippatt Binoy
58. Rev. Fr. Kudiyirikkal Davis
59. Rev. Fr. Kuttikkadan Lindo
60. Rev. Fr. Malakkaran Jino
61. Rev. Fr. Maliekal Andrews
62. V. Rev. Msgr. Maliekal Sebastian
63. Rev. Fr. Maliekal Thomas D.
64. V. Rev. Fr. Maliekkal Jose
65. V. Rev. Fr. Manadan Johnson
66. Rev. Fr. Mandakath Joseph Sunny
67. Rev. Fr. Mangalan George
68. Rev. Fr. Mekkedath Paul
69. V. Rev. Fr. Menachery Johny
70. Rev. Fr. Menachery Thomas
71. Rev. Fr. Menoth Joy
72. Rev. Fr. Moolan Raphael
73. V. Rev. Fr. Mukkattukarakkaran Antony
74. Rev. Fr. Nereparambil Binoy
75. Rev. Fr. Nereparambil Denson
76. Rev. Fr. Padayatty Pauly
77. V. Rev. Fr. Palathingal Varghese

78. V. Rev. Msgr. Palatty Jose
79. Rev. Fr. Palatty Robin
80. Rev. Fr. Paliekara Joshy
81. Rev. Fr. Pallippat Jaims
82. Rev. Fr. Panadan Anto
83. Rev. Fr. Panikulangara Roy
84. Rev. Fr. Panjikkaran Raphael
85. Rev. Fr. Parambeth Antony
86. Rev. Fr. Parambeth Liju Paul
87. Rev. Fr. Parassery Anto
88. V. Rev. Fr. Parayil Vincent
89. Rev. Fr. Payyappilly Pauly
90. Rev. Fr. Pereppadan Joy
91. Rev. Fr. Pereppadan Varghese
92. Rev. Fr. Pereppadan Wilson
93. Rev. Fr. Plackal Dinto
94. Rev. Fr. Plassery George
95. Rev. Fr. Ponminissery Saji
96. Rev. Fr. Pozholiparambil Binoy
97. Rev. Fr. Pudussery Anil
98. Rev. Fr. Pudussery Thomas
99. Rev. Fr. Pulicken Febi
100. Rev. Fr. Pullockaran Antony
101. Rev. Fr. Puthenveetil Raphael
102. Rev. Fr. Puthur Shabu
103. Rev. Fr. Thaliyanayath Linto
104. Rev. Fr. Tharakkal Joy
105. Rev. Fr. Tharayil Johnson
106. Rev. Fr. Thekkekkara Shaji
107. Rev. Fr. Thekkethala Saneesh
108. Rev. Fr. Thekkineth Antony
109. Rev. Fr. Thekkinieth Arun
110. Rev. Fr. Thundathil Jeejo
111. Rev. Fr. Vadakkan Jolly
112. Rev. Fr. Valiyaveetil Saji
113. Rev. Fr. Valiyaveetil Sebastian
114. Rev. Fr. Vattoly Vineesh
115. Rev. Fr. Vazhappilly John
116. Rev. Fr. Vazhappilly Jose U.
117. Rev. Fr. Vazhappilly Varghese O.
118. Rev. Fr. Velakkanadan Thomas
119. Rev. Fr. Vennattuparambil Jinu
120. Rev. Fr. Vezhaparambil Goerge

**IInd Batch : September 17-21**

1. Rev. Fr. Alappatt Anto G.
2. Rev. Fr. Alappatt Joy
3. Rev. Fr. Alappatt Tijo
4. Rev. Fr. Alukka Thomas
5. Rev. Fr. Ambooken Cyriac
6. Rev. Fr. Ambooken Jose Raphy
7. Rev. Fr. Ambooken Paul C.
8. Rev. Fr. Arikkatt Sebastian
9. Rev. Fr. Arikkatt Varghese(Sr)
10. Rev. Fr. Athiyunthan James
11. Rev. Fr. Chakkiath Jijo
12. V. Rev. Fr. Chalissery Varghese
13. Rev. Fr. Cheenan Bency
14. Rev. Fr. Chenginiyadan Devis
15. Rev. Fr. Cherappanath Stephen
16. Rev. Fr. Cheruvathur Benny
17. Rev. Fr. Chethalan Andrews
18. Rev. Fr. Chirayath Benjamin
19. Rev. Fr. Chirayath Francis
20. Rev. Fr. Chirayath Shaju
21. Rev. Fr. Chittilappilly Ignatius
22. Rev. Fr. Chittilappilly Jose A.
23. Rev. Fr. Chittilappilly Jose K.
24. Rev. Fr. Chittilappilly Joseph V.
25. Rev. Fr. Chungath Aji
26. Rev. Fr. Chungath Ignatius
27. Rev. Fr. Elamkunnapuzha Jaju
28. Rev. Fr. Elamkunnapuzha Thomas
29. Rev. Fr. Eluvathingal Koonan Wilson
30. Rev. Fr. Ezhekkadan Sebastian
31. V. Rev. Msgr. Irimpan Jose
32. Rev. Fr. Iyyanam John Paul
33. Rev. Fr. Kadambatt Luxy
34. Rev. Fr. Kaitharath Jeo
35. Rev. Fr. Kalaparambath Lijo
36. Rev. Fr. Kalappurackal Davis
37. Rev. Fr. Kallingal Davis

38. Rev. Fr. Kanamkudam Jose
39. Rev. Fr. Kandamkulathy George
40. Rev. Fr. Kanjilassery Sebastian
41. Rev. Fr. Kannampilly Thomas
42. Rev. Fr. Kannampuzha Plogen
43. Rev. Fr. Karathra Renil
44. Rev. Fr. Karippai Anto
45. Rev. Fr. Karippai Jaison
46. Rev. Fr. Kavalakkatt Daison
47. Rev. Fr. Kavalakkatt James
48. Rev. Fr. Kavalakkatt John (Jr)
49. V. Rev. Fr. Kavungal Jose
50. Rev. Fr. Kizhakkumthala Davis
51. Rev. Fr. Kodiyan Francis
52. Rev. Fr. Kodiyan Rinto
53. Rev. Fr. Kolangara Seby
54. Rev. Fr. Kolenchery Jinoj
55. Rev. Fr. Komban Siju
56. Rev. Fr. Kongoth Lijo
57. Rev. Fr. Konthuruthy Varghese
58. Rev. Fr. Kudiyirikkal Jaison
59. Rev. Fr. Kunnathuparambil Johny
60. Rev. Fr. Kunnel Jiji
61. Rev. Fr. Kuttikkadan Jojo
62. V. Rev. Fr. Kuttikkadan Lazar
63. Rev. Fr. Maliekal Tom
64. Rev. Fr. Maliekal Varghese
65. Rev. Fr. Maliekkal Davis
66. Rev. Fr. Maliekkal George
67. Rev. Fr. Mangalan Paul
68. Rev. Fr. Maniparambil Jose
69. Rev. Fr. Manjaly Antony
70. V. Rev. Fr. Manjaly Jose
71. Rev. Fr. Manjaprakaran Liju
72. Rev. Fr. Mekkedath Manoj
73. Rev. Fr. Menoth Jijo
74. Rev. Fr. Menoth Joby
75. Rev. Fr. Nadavaramban Seby
76. Rev. Fr. Nattekkadan Thomas
77. Rev. Fr. Nellissery Joy
78. Rev. Fr. Nellissery Shibu
79. Rev. Fr. Pakrath Jees
80. Rev. Fr. Palamattam George
81. Rev. Fr. Palamattam Joji
82. Rev. Fr. Palathingal Joseph
83. V. Rev. Fr. Paliekkara Joy
84. Rev. Fr. Pallai Nijo
85. Rev. Fr. Panjikkaran Sebastian
86. Rev. Fr. Panjikkaran Thomas
87. V. Rev. Fr. Panthallukkaran Jose
88. Rev. Fr. Parackal Freejo
89. Rev. Fr. Parekkadan Anto
90. Rev. Fr. Parekkatt Jaison
91. Rev. Fr. Pareman George
92. Rev. Fr. Pathadan Varghese
93. Rev. Fr. Payyappilly Sabu
94. Rev. Fr. Pazhayattil Jose
95. Rev. Fr. Pazhayattil Rejoy
96. Rev. Fr. Pellissery Aneesh
97. V. Rev. Fr. Pozholiparambil Jobby
98. Rev. Fr. Pudussery Antony
99. Rev. Fr. Pudussery Suresh
100. Rev. Fr. Pulluparambil Jose
101. Rev. Fr. Puthenveetil Joy
102. Rev. Fr. Pynadath Riju
103. Rev. Fr. Thachil Anto
104. Rev. Fr. Thadikkaran Thomas
105. Rev. Fr. Thattil Davis
106. Rev. Fr. Thattla Kiran
107. Rev. Fr. Thekkekkara Meleppuram John
108. Rev. Fr. Thekkethala John
109. Rev. Fr. Thekkethala Joseph
110. Rev. Fr. Thettayil Varghese
111. Rev. Fr. Thoduparambil Jojo
112. Rev. Fr. Thottiyan Jomy
113. Rev. Fr. Vadakkepeedika Varghese
114. Rev. Fr. Vadakkumchery Jaison
115. Rev. Fr. Vakaparambil Jijo
116. Rev. Fr. Vazhappilly Justin
117. Rev. Fr. Vazhappilly Rocky
118. Rev. Fr. Vazhappilly Sebastian
119. Rev. Fr. Verampilavil Jinto
120. Rev. Fr. Vethamatil Jose



# ബ്ലസ് എ ഹോം

Bless A Home

*ഒരു വീടിനെ അനുഗ്രഹിക്കൂ...*

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽനിന്ന് 707 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി ഇരുപത്തിരണ്ടു ലക്ഷത്തി ഇരുപത്തെണ്ണായിരം (1,22,28,000) രൂപ നൽകിയിട്ടുണ്ട്.

**ബ്ലസ് എ ഹോം ഛാന്ദാ രൂപതയിലേയ്ക്ക്**

ഛാന്ദാ മിഷൻ രൂപതയിലേക്ക് നമ്മുടെ രൂപതയിൽനിന്ന് അവർ തെരഞ്ഞെടുത്ത 5 കുടുംബങ്ങൾക്ക് മാസം 1000 രൂപ വീതം 5 വർഷം നൽകുന്നു.

## സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | St. Augustine Church, Madathumpady Sponsor Coupon | 10,000 |
| 2. | St. Mary's Church, Cheloor C/o. VD Ouseph Sponsor Coupon | 4,600 |
| 3. | Mr. P.P. Rappai Panthalipadan, Pullur | 15,000 |
| 4. | Mr. Jose M.K. Dilshad Garden Delhi | 12,000 |
| 5. | Alvernia Provincial House, Chalakudy | 5,000 |
| 6. | Nirmal Bhavan Provincial House SABS, Thodupuzha | 10,000 |
| 7. | Mr. K.P. John Family & Kandamkulathy, Irinjalakuda | 1,00,000 |
| 8. | S.H. Mission Hospital, Pullur | 5,000 |
| 9. | Vicar & Parishioners of St. Stanislaus F. Church, Mala | 60,000 |
| 10. | Dr. Joy Varghese Unity Hospital, Kattoor | 10,000 |
| 11 | Mr. Lins Antony Palathingal, Kattoor | 5,000 |
| 12 | Memmory of Rosa Thoman & Frigi Thomas C/o. Thomas D. Kalleli, Chalakudy | 2,00,000 |
| 13 | Rev. Fr. Varghese Thettayil | 60,000 |
| 14 | Vicar & Parishioners of St. Mary's Church, Vennur | 1,00,000 |
| 15 | St. Antony's Church, Social Action Unit, Paduvanagar | 15,000 |
| 16 | Rev. Fr. Vincent Chalissery | 10,000 |
| 17 | Wellwisher | 60,000 |
| 18 | Mr. K.J. Simon Kizhakoot, Kattoor | 5,000 |
| 19 | Vicar & Parishioners of St. Antony's Church, Kanakamala | 15,000 |

| | | |
|---|---|---|
| 20 | Udaya Provincial House, Irinjalakuda | 5,000 |
| 21 | Soccorso Convent, Mala | 5,000 |
| 22 | Pavanatma Provincial House, Kallettumkara | 10,000 |
| 23 | Dr. John Vincent Komban, Irinjalakuda | 10,000 |
| 24 | Panthallookaran Lonappan Sons, Kodakara | 10,000 |
| 25 | St. Xavier's Church, S. Thanissery, Thirunnal Committee | 12,000 |
| 26 | Adv. Pauly J. Aricatt, Irinjalakuda | 50,000 |
| 27 | Mary Rani FC. Convent, Irinjalakuda Sponsor Coupon | 10,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

## വൈദികർക്കും സന്യസ്തർക്കും വേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ, / അങ്ങേ ദാസന്മാരായ വൈദികർക്ക് / യാതൊരു ആപത്തും വരാതെ / അങ്ങേ തിരുഹൃദയത്തിൽ / അഭയം നൽകണമേ. / അങ്ങേ പരിശുദ്ധമായ ശരീരത്തെ / ദിവസംതോറും എടുക്കുന്ന / അവരുടെ കരങ്ങളെ / മലിനമാകാതെ കാക്കണമേ. / അങ്ങേ വിലയേറിയ / തിരുരക്തത്താൽ / നനയുന്ന അവരുടെ നാവുകളെ / നിർമ്മലമായി കാത്തുകൊള്ളണമേ. / ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ / മഹനീയമുദ്ര പതിച്ചിരിക്കുന്ന / അവരുടെ ഹൃദയങ്ങളെ / ലോകവസ്തുക്കളിൽനിന്ന് അകറ്റണമേ. / അങ്ങയോടു കൂടെയായിരിക്കാനും / വചനം പ്രഘോഷിക്കാനും / തിന്മയെ ചെറുക്കാനും / അവർ സദാ ഉത്സുകരാകട്ടെ. / അങ്ങയുടെ മഹത്വത്തിനുവേണ്ടിയുള്ള / അവരുടെ പ്രയത്നങ്ങൾ / ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ / അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ / ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും / പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. / ലോകരക്ഷകനായ ഈശോ, അങ്ങേ പുരോഹിതരെയും / വൈദികശുശ്രൂഷകരെയും / ശുദ്ധീകരിക്കണമേ. / കർത്താവേ, അങ്ങയുടെ സഭയ്ക്ക് / വിശുദ്ധരായ വൈദികരെയും / സന്ന്യാസിനീ-സന്ന്യാസികളെയും / അല്മായ പ്രേഷിതരെയും / പ്രദാനം ചെയ്യണമേ.

വൈദികരുടെ രാജ്ഞിയായ മറിയമെ,
ദൈവികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ അൽഫോൻസാമ്മേ,
സന്ന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

തിരുക്കുടുംബമേ,
ഞങ്ങളുടെ കുടുംബങ്ങളെ നിർമ്മലമായി കാക്കണമേ.

1 **രക്ഷാകർത്തൃസമ്മേളനം**

ആഗസ്റ്റ് 11–ാം തിയ്യതി ശനിയാഴ്ച വിദ്യാജ്യോതിയിൽവച്ച് രാവിലെ 10 മുതൽ 2 വരെ രക്ഷാകർത്തൃസമിതി പ്രസിഡണ്ടുമാരുടെ സമ്മേളനം നടത്തുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ പ്രസിഡന്റുമാരെ പങ്കെടുക്കുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

2 **ബി.സി.ടി. കോഴ്സ്**

വിദ്യാജ്യോതിയിൽവച്ച് ആഗസ്റ്റ് 27, 28, 30, 31 തിയ്യതികളിൽ 9 am മുതൽ 4 pm വരെ BCT കോഴ്സിന്റെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. രജി. ഫീസ് 200 രൂപ. വിശ്വാസപരിശീലനമേഖലയിൽ സേവനം ചെയ്യുന്ന എല്ലാ നവാധ്യാപകരും സംബന്ധിക്കേണ്ടതാണ്. ആഗസ്റ്റ് 21ന് മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

3 **ബഹു. ശെമ്മാശന്മാരുടെ സമ്മേളനം**

മതബോധന രംഗത്ത് സേവനമനുഷ്ഠിക്കുന്ന ശെമ്മാശന്മാരുടെ സംഗമം ആഗസ്റ്റ് 19–ാം തിയ്യതി ഞായറാഴ്ച 2 pm മുതൽ 4 pm വരെ രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. ഇതിൽ പങ്കെടുക്കുവാൻ ബഹു. വികാരിയച്ചന്മാർ അവർക്ക് സൗകര്യം ചെയ്തു കൊടുക്കുമല്ലോ.

4 **സംയുക്ത സമ്മേളനം**

ഫൊറോന വികാരി, ഫൊറോന ഡയറക്ടർ, ഫൊറോന സെക്രട്ടറി എന്നിവരുടെ സമ്മേളനം ആഗസ്റ്റ് 27–ാം തിയ്യതി തിങ്കളാഴ്ച ഉണ്ടായിരിക്കുന്നതല്ല. തീയതി പിന്നീട് അറിയിക്കുന്നതാണ്.

5 **ബൈബിൾ കലോത്സവം**

ഫൊറോന മത്സരങ്ങൾ നടത്തി സെപ്തംബർ 27–ാം തീയതിക്കുള്ളിൽ രൂപതാമത്സരങ്ങൾക്ക് പേരുകൾ നൽകേണ്ടതാണ്. രചനാമത്സരങ്ങൾ ഒക്ടോബർ 2–ാം തീയതി നടത്തുന്നു.

## DAILY CATECHISM & MORAL SCIENCE

1. **വർഷാരംഭ റിപ്പോർട്ട്**

സ്ക്കൂൾ മത–സന്മാർഗ്ഗബോധന വർഷാരംഭ റിപ്പോർട്ട് നൽകാത്ത സ്ക്കൂളുകൾ എത്രയും വേഗം നൽകേണ്ടതാണ്.

2 **അവാർഡ് ദിനം**

മത–സന്മാർഗ്ഗബോധന പരീക്ഷയ്ക്ക് ഉന്നത വിജയം നേടിയ വിദ്യാലയ

ങ്ങൾക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ കൊണ്ടു പോകാത്തവർ വിദ്യാജ്യോതിയിൽനിന്ന് കൊണ്ടുപോകുവാൻ പ്രത്യേകം ശ്രദ്ധിക്കണെ

3 **മത-സന്മാർഗ്ഗ ബോധന അർദ്ധവാർഷിക പരീക്ഷ**

Std I-XII. 2012 സെപ്തംബർ 11 ചൊവ്വാഴ്ച ചോദ്യപേപ്പറിന് ഒരു രൂപ വീതം അടച്ച് സെപ്തംബർ 7-ാം തിയ്യതി വെള്ളിയാഴ്ച മുതൽ ചോദ്യപേപ്പറുകൾ സ്ക്കൂളിലേയ്ക്ക് കൊണ്ടു പോകാവുന്നതാണ്.

**ലോഗോസ് ക്വിസ് 2012**

ലോഗോസ് 2012-ലെ പരീക്ഷ രൂപതാതലം സെപ്തംബർ 30-ന് ഉച്ച കഴിഞ്ഞ് 2 മുതൽ 3.30 വരെയാണ്. രജിസ്ട്രേഷൻ ജൂലൈ 31-ന് അവസാനിക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയശേഷം അതിന്റെ printed copyയും രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 10 രൂപ വീതവും ആഗസ്റ്റ് 3-ാം തിയ്യതി വെള്ളിയാഴ്ചക്കകം വിദ്യാജ്യോതിയിൽ ഏൽപിക്കേണ്ടതാണ്. അവരെ മാത്രമെ പി.ഒ.സി.യിൽ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

---

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ.**

**Birth day**

10. Rev. Fr. Johny Menachery
12. Rev. Fr. Raphael Puthenveettil
14. Rev. Fr. Manoj Mekkadath
14. Rev. Fr. Thomas Thadikaran
17. Rev. Fr. Antony Parassery
23. Rev. Fr. Johny Kunnathuparambil
24. Rev. Fr. Varghese Aricatt (Jr.)
24. Rev. Fr. Antony Manjaly
28. Rev. Fr. Antu Alappadan
28. Rev. Fr. Varghese Aricatt (Sr.)
29. Rev. Fr. Andrews Chethalan

**Feast Day**

08. Rev. Fr. Cyriac Ambooken
16. Rev. Fr. Rocky Vazhappilly
21. Rev. Fr. Pius Cherapanath
21. Rev. Fr. Pius Chittilappilly
29. Rev. Fr. Aji John Chungath



*ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!*




1 **അന്താരാഷ്ട്ര യുവജനസമ്മേളനം**

മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഈയിടെ നടത്തപ്പെട്ട അന്താരാഷ്ട്ര യുവജനസമ്മേളനം (പവർ 2012) ഇൻഡ്യയിലെ പേപ്പൽ നൂൺഷ്യോ ആർച്ചുബിഷപ്പ് ഡോ. സൽവത്തോരേ പെനാക്കിയോ ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ യേശുചൈതന്യം ഉൾക്കൊണ്ട് ഉപഭോഗസംസ്കാരത്തിനും അനുബന്ധപ്രശ്നങ്ങൾക്കുമെതിരെ ആദർശധീരതയോടെ പ്രതികരിക്കാനും പ്രതിബന്ധങ്ങളെ നേരിടാനും സുസജ്ജരാകണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. സിഡ്നി ബിഷപ്പ് ഡോ. ജൂലിയാൻ ഓസിയസ് അധ്യക്ഷത വഹിച്ചു. വിൻസെൻഷ്യൻ സുപ്പീരിയർ ജനറൽ ഡോ. വർഗ്ഗീസ് പാറപ്പുറം പ്രസംഗിച്ചു. ജൂലൈ 22 മുതൽ 27 വരെയുള്ള സമ്മേളനത്തിൽ അമേരിക്ക (യു.എസ്), കാനഡ, യൂറോപ്യൻ രാജ്യങ്ങൾ, ആസ്ട്രേലിയ എന്നിവയിൽനിന്നുള്ള പ്രതിനിധികളടക്കം പതിനായിരത്തോളം പേർ പങ്കെടുത്തു.

2 **ലെയ്റ്റി ഇന്റർനാഷണൽ നെറ്റ് വർക്ക്**

സീറോമലബാർ അല്മായ കമ്മീഷൻ വിവിധ രാജ്യങ്ങളിലും ഇൻഡ്യയിലെ പ്രധാന നഗരങ്ങളിലുമുള്ള ലെയ്റ്റി സെന്ററുകൾ, അല്മായ സംഘടനകൾ, മിഷൻകേന്ദ്രങ്ങൾ എന്നിവയെ സംയോജിപ്പിച്ച് ലെയ്റ്റി ഇന്റർനാഷണൽ നെറ്റ്‌വർക്കിന് രൂപം നൽകുന്നു. കേരളത്തിൽനിന്ന് ഇൻഡ്യയിലെ പ്രധാന നഗരങ്ങളിലും വിവിധ രാജ്യങ്ങളിലും കുടിയേറുന്ന സഭാംഗങ്ങൾക്ക് ലെയ്റ്റി ഇന്റർനാഷണൽ നെറ്റ് വർക്കിലൂടെ വിവിധ സേവനങ്ങളും സഹായങ്ങളും ലഭ്യമാണ്. ഇത് കാര്യക്ഷമമാകുന്നതിന് കേരളത്തിൽനിന്ന് പുറപ്പെടുന്നവർ ചെന്നെത്തുന്ന സ്ഥലങ്ങളിലെ ലെയ്റ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3 **തിരുപ്പിറവി ദേവാലയത്തിന് ലോകപൈതൃക പദവി**

ബെത്‌ലഹെമിൽ യേശുവിന്റെ തിരുപ്പിറവി നടന്ന സ്ഥലത്തെ ദേവാലയത്തിന് ഈയിടെ ലോക പൈതൃകപദവി ലഭിക്കുകയുണ്ടായി. റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗിൽ നടന്ന ലോകപൈതൃകസമിതിയിൽ യുനെസ്കോ (ഐക്യരാഷ്ട്ര വിദ്യാഭ്യാസ, ശാസ്ത്ര, സാംസ്കാരികസംഘടന) എടുത്തതാണ് ഈ തീരുമാനം അർമേനിയൻസഭ, റോമൻ കത്തോലിക്കാസഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭ എന്നീ മൂന്ന് സഭാവിഭാഗങ്ങളുടെ നേതൃത്വത്തിലാണ് ഇത് കാത്തുസൂക്ഷിക്കപ്പെ

ടുന്നത്. രണ്ടാം നൂറ്റാണ്ടുമുതൽ പ്രത്യേകം സംരക്ഷിക്കപ്പെടുന്ന ഗ്രോട്ടോ സ്ഥിതിചെയ്യുന്ന സ്ഥലത്താണ് രക്ഷകൻ പിറന്നുവീണത്.

4 **ദേവസഹായംപിള്ള വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക്**

ക്രിസ്തുവിശ്വാസിയായി ധീരതയോടെ സുവിശേഷം പ്രചരിപ്പിച്ചതിന്റെ പേരിൽ ജീവൻ വെടിയേണ്ടിവന്ന ദൈവദാസൻ ദേവസഹായം പിള്ളയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർക്കാനുള്ള നടപടികൾക്ക് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അംഗീകാരം നൽകി. നാമകരണനടപടിക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ ആഞ്ചലോ അമറ്റോയുടെ നേതൃത്വത്തിലാണ് നാമകരണപ്രക്രിയ പുരോഗമിക്കുന്നത്. ഡിസംബർ രണ്ടിന് നാഗർകോവിലിൽ ഔദ്യോഗിക പ്രഖ്യാപനം നടക്കും.

5 **ഇസ്ലാം – കാത്തലിക് സംവാദം**

വത്തിക്കാൻ അധികൃതരും ഇസ്ലാം മതനേതാക്കളും തമ്മിൽ ഈയിടെ കൂടിക്കാഴ്ച നടത്തി. 1995 മുതൽ തുടർന്നുപോരുന്ന ജോയിന്റ് ഇസ്ലാമിക് കാത്തലിക് ലെയ്സൺ കമ്മിറ്റിയുടെ നേതൃത്വത്തിൽ റോമിലാണ് നടന്നത്. മതാന്തര സംവാദത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ തലവൻ കർദ്ദിനാൾ ജീൻ ലൂയിസ് തൗറൻ ആണ് വത്തിക്കാൻ സഭാപണ്ഡിതർക്ക് നേതൃത്വം നൽകിയത്. സംവാദത്തിനായുള്ള അന്തർദ്ദേശീയ ഇസ്ലാമിക് ഫോറത്തിന്റെ പ്രസിഡന്റ് പ്രൊഫ. ഹമീദ് ബിൻ അഹമ്മദ് അൽറിഫി മുസ്ലീംകൂട്ടായ്മക്ക് നേതൃത്വം നൽകി. 2013 ജൂലൈ മാസത്തിലായിരിക്കും അടുത്ത കൂടിക്കാഴ്ച. പരസ്പരധാരണയും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിന് സഹായകമാണ് ഇത്തരം കൂടിക്കാഴ്ചകൾ.

6. **സംസ്ഥാനയുവജനസംഗമം**

കെ.സി.വൈ.എം. സംഘടനയുടെ ആഭിമുഖ്യത്തിൽ ജൂലൈ 22–ന് തൃശ്ശൂർവച്ച് സംസ്ഥാനയുവജനസംഗമം നടത്തുകയുണ്ടായി. കേന്ദ്ര ഭക്ഷ്യ–സിവിൽ സപ്ലൈസ് മന്ത്രി കെ.വി. തോമസ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ജോണി പവേൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. അധ്യക്ഷനും തൃശ്ശൂർ ആർച്ചുബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യപ്രഭാഷണം നടത്തി. സാമൂഹ്യസാംസ്കാരിക, സാമ്പത്തിക മേഖലകളിൽ മാത്രമല്ല, രാഷ്ട്രീയരംഗത്തും യുവജനങ്ങൾ കടന്നുവരണമെന്ന് ആർച്ചുബിഷപ്പ് ആഹ്വാനം ചെയ്തു. കെ.സി.ബി.സി യൂത്ത് കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ യുവജനസന്ദേശം നൽകി.

7 **ബെറ്റർ ലൈഫ് മൂവ്മെന്റ് – സുവർണ്ണജൂബിലി**

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ച 1962ൽ തന്നെയാണ് ആളൂരിൽ ബെറ്റർലൈഫ് മൂവ്മെന്റ് രൂപംകൊണ്ടത്. വിവിധ തലങ്ങളിലും മേഖലകളിലും ഉണ്ടായിരിക്കേണ്ട മെച്ചപ്പെട്ട ജീവിതത്തെപ്പറ്റി (Better Life) തൃശ്ശൂർ രൂപതാംഗവും (പിന്നീട് ഇരിങ്ങാലക്കുട രൂപത)

ക്രാന്തദർശിയുമായ ബഹു. ജോസ് അക്കരക്കാരനച്ചന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. തന്റെ ഭാവനയിലുള്ള ഒരു ക്രൈസ്തവസമൂഹം കെട്ടിപ്പടുക്കുന്നതിന് അദ്ദേഹം തീക്ഷ്ണമായി ആഗ്രഹിക്കുകയും ആ ലക്ഷ്യപ്രാപ്തിക്കായി 1962ൽ ആളൂർ കേന്ദ്രമായി ബെറ്റർ ലൈഫ് മൂവ്മെന്റ് (BLM) എന്ന പ്രസ്ഥാനം അദ്ദേഹത്തിന്റെ സഹോദരനായ ബഹു. ആന്റണിയച്ചനുമൊരുമിച്ച് ആരംഭിക്കുകയുണ്ടായി. കാൽ നൂറ്റാണ്ടുകാലം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായി മുന്നേറിയ ഈ സ്ഥാപനം ഇപ്പോൾ ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് പൊതുവായി കാര്യങ്ങൾ സംഘടിപ്പിക്കാൻ വേണ്ട സംവിധാനവും സൗകര്യവും ഇല്ലാതിരുന്ന പ്രാരംഭഘട്ടത്തിൽ ബെറ്റർ ലൈഫ് സെന്ററിന്റെ സമ്പൂർണ്ണ ബൈബിളിന്റെ മലയാള പരിഭാഷ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ അമൂല്യമായി കരുതണം.

**റവ. ഡോ. ആന്റണി മഞ്ഞളി**

## കൃതജ്ഞത



**സി. ആനി എൽവീന**



**സി. ധന്യ ചിറ്റിലപ്പിള്ളി**



**സി. കൃപ പോൾ**



ആഫ്രിക്കയിലെ ഘാനയിൽ ഉണ്ടായ ബസ്സപകടത്തിൽ ഈ ലോകത്തോട് വിടപറഞ്ഞ പ്രിയപ്പെട്ട **സി. ആനി എൽവീന**, **സി. ധന്യ ചിറ്റിലപ്പിള്ളി**, **സി. കൃപ പോൾ** എന്നിവരുടെ മരണവാർത്ത അറിഞ്ഞ നിമിഷം മുതൽ സാന്നിധ്യത്തിലൂടെയും സന്ദേശത്തിലൂടെയും പ്രാർത്ഥനയിലൂടെയും സ്നേഹത്തോടെ ഞങ്ങളെ ആശ്വസിപ്പിച്ച് ഞങ്ങൾക്ക് ശക്തി പകർന്നുനൽകിയ, കൂടെനിന്ന് സഹായിച്ച അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനും മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും ബഹുമാനപ്പെട്ട ജനറാളച്ചന്മാർക്കും രൂപതയിലെയും സന്യാസസമൂഹങ്ങളിലെയും സ്നേഹമുള്ള വൈദികർക്കും ബ്രദേഴ്സിനും വിവിധ സന്യാസിനി സമൂഹങ്ങളിൽനിന്നുംവന്ന സമർപ്പിതർക്കും സ്ഥാപനങ്ങളിൽനിന്നും പ്രസ്ഥാനങ്ങളിൽ നിന്നും വന്ന എല്ലാവർക്കും എല്ലാ അത്മായ സഹോദരങ്ങൾക്കും സ്നേഹപൂർവ്വം പ്രാർത്ഥനയോടെ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

**റവ. സി. പ്രസന്ന തട്ടിൽ**

## സംഘടനാവാർത്തകൾ

## കെ.സി.വൈ.എം.

**വി. തോമസ് മൂർ ദിനാചരണം**

രൂപത KCYM-ന്റെ വി. തോമസ് മൂർ ദിനാചരണം കോട്ടാറ്റ് സെന്റ് ആന്റണീസ് പള്ളിയിൽ നടന്നു. രാവിലെ ദിവ്യബലിക്ക്ശേഷം നടന്ന അനുസ്മരണ ചടങ്ങ് വികാരി ഫാ. ഷിബു നെല്ലിശ്ശേരി ഉദ്ഘാടനം ചെയ്തു. രൂപത ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. ലാജോ ഓസ്റ്റിൻ, സ്റ്റെബിൻ പൗലോസ്, ജെറി പൗലോസ്, നിധിൻ ടോണി, ജിയോ ജെ. അരിക്കാട്ട്, നൈജോ ആന്റോ, ജോസ് പോൾ എന്നിവർ പുഷ്പാർച്ചനക്കും അനുസ്മരണത്തിനും നേതൃത്വം നൽകി.

**യുവജനമഹാസംഗമം**

ഇരിങ്ങാലക്കുട രൂപത KCYM-ന്റെ യുവജനവർഷ പ്രത്യേക പരിപാടി യുവജനമഹാസംഗമം കൊടകരയിൽ നടന്നു. രാവിലെ 9.45-ന് പതാകവന്ദനത്തോടെ തുടങ്ങിയ പരിപാടിയിൽ തോംസൺ ചിരിയങ്കണ്ടത്ത്, അഡ്വ. ഫിജോ ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഉച്ചയ്ക്ക് 12 മണിക്ക് നടന്ന പൊതുസമ്മേളനം, ബഹു. കേന്ദ്ര ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി പ്രൊഫ. കെ.വി. തോമസ് ഉദ്ഘാടനം ചെയ്തു. യുവപ്രതിഭാ പുരസ്കാരം നേടിയ ഹൈബി ഈഡൻ MLA, ഫ്രാങ്കോ, കലാഭവൻ ജോഷി,, മെജോ ജോസഫ് എന്നിവർക്ക് മാർ പോളി കണ്ണൂക്കാടൻ പുരസ്കാരം നൽകി. ശ്രീ. പി. പി. ജെയിംസിന് മാധ്യമശ്രേഷ്ഠ പുരസ്കാരം മന്ത്രി സമ്മാനിച്ചു. KCYM സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ ലാജോ ഓസ്റ്റിന് യുവധീര അവാർഡ് സമ്മാനിച്ചു. രൂപത ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. സോണി പവേലിൽ, ഫാ. കിൻസ് എളങ്കുന്നപ്പുഴ, വെരി. റവ. ഫാ. വർഗ്ഗീസ് ചാലിശ്ശേരി, ജെറി പൗലോസ്, സ്റ്റെബിൻ പൗലോസ് എന്നിവർ പ്രസംഗിച്ചു. ഉച്ചഭക്ഷണത്തിന്ശേഷം ജോജോ ജോണി & ടീം അവതരിപ്പിച്ച മ്യൂസിക്ഫ്യൂഷനും KCYM യൂണിറ്റുകളിൽനിന്നുള്ള കലാപരിപാടികളും ഉണ്ടായിരുന്നു. വൈകിട്ട് 5 മണിക്ക് രൂപത ചെയർപേഴ്സൺ ജാസ്മിൻ ജോളി പതാക താഴ്ത്തിയതോടെ യുവജനമഹാസംഗമം അവസാനിച്ചു.

**ഫാ. കിൻസ് എളംകുന്നപ്പുഴ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 ഇരിങ്ങാലക്കുട എസ്.എൻ. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപക – രക്ഷാകർത്തൃ സമ്മേളനത്തിൽ പങ്കെടുത്തു.

2. വാർഷികധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരുടെ വിശുദ്ധീകരണത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

3. മൈനർ സെമിനാരിയുടേയും രക്ഷാധികാരിയായ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റേയും സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുന്നാൾ സമുചിതം ആഘോഷിച്ചു.

4. ദുക്റാന തിരുനാളിൽ സെന്റ് തോമസ് കത്തീഡ്രലിൽ നേർച്ചസദ്യയിൽ പങ്കുചേർന്നു. സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലേക്ക് തീർത്ഥാടനം നടത്തി. സഭാദിനമായ അന്ന് സഭയുടെ പൈതൃകത്തെ അടുത്തറിയാൻ സഹായകമായ സെന്റ് തോമസ് മ്യൂസിയം സന്ദർശിക്കുകയും തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളെക്കുറിച്ചുള്ള ഡോക്യുമെന്ററി ഫിലിം കാണുകയും ചെയ്തു.

5. ഇംഗ്ലീഷ്–മലയാളം സാഹിത്യസമാജങ്ങളുടെ ഔപചാരിക ഉദ്ഘാടനം അവാർഡ് ജേതാവും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അദ്ധ്യാപകനുമായ പ്രൊഫ. ഇ.എം. തോമസ് നിർവ്വഹിച്ചു.

6. മാസധ്യാനത്തിന് നേതൃത്വം നൽകിയത് ബഹു. വിൽസൻ എലുവത്തിങ്കൽ കൂനൻ അച്ചനായിരുന്നു.

7 ഈ കൊല്ലം പന്ത്രണ്ട് സെമിനാരി വിദ്യാർത്ഥികൾക്ക് ഏകജാലകം വഴി പ്ലസ് വൺ പ്രവേശനം ലഭിച്ചു. ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, എസ്.എൻ. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലാണ് പ്രവേശനം ലഭിച്ചത്.

8. ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപക – രക്ഷാകർത്തൃ സംഘടനയുടെ വാർഷിക പൊതുയോഗമുണ്ടായിരുന്നു.

9 സെമിനാരിയിൽ വൈദികവിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളുടെ യോഗമുണ്ടായിരുന്നു. ഭാവിവൈദികരുടെ രൂപീകരണത്തിൽ മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കിനെക്കുറിച്ച് ചർച്ച ചെയ്തു.

10. ആദ്ധ്യാത്മികോപദേഷ്ടാവായ ബഹു. തോമസ് പഞ്ഞിക്കാരനച്ചന്റെ നാമഹേതുക തിരുനാൾ ആചരിച്ചു.

**സാമ്പത്തികസഹായം നൽകിയവർ**

1 ഫ്രാൻസിസ്കൻ അല്മായസഭ, ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളി

2. ചിറയത്ത് വറീത് ലൂയിസ്, പുത്തൻചിറ സെന്റ് മേരീസ് ഫൊറോന പള്ളി

3. കോക്കാട്ടിൽ സേവി കെ.ഡി., പഴൂക്കര, അഷ്ടമിച്ചിറ

4. കുണ്ടംതറ ജോൺസൻ കെ.ഒ. ഹൗസിങ്ങ്ബോർഡ്, ചാലക്കുടി

5. കൂനമ്മാവ് വറീത് ജോയ്, ഡോളേഴ്സ്, ഇരിങ്ങാലക്കുട
6. കാച്ചപ്പിള്ളി വർഗ്ഗീസ്, പാലിശ്ശേരി അന്നമനട
7. പുല്ലോക്കാരൻ കുഞ്ഞിച്ചെറിയ ജോണി, കാട്ടുങ്ങച്ചിറ, ഇരിങ്ങാലക്കുട
8. മാവേലി ജിമ്മി, ക്രൈസ്റ്റ് നഗർ, ഇരിങ്ങാലക്കുട
9. ഊക്കൻ ആന്റണി പോൾ, എടക്കുളം
10 ഡോ. ലിജോ കെ. ജോസ്, കിരിയാന്തൻ, കൂർക്കഞ്ചേരി
11 പൊഴോലിപ്പറമ്പിൽ ഷാബു സേവ്യർ, കല്ലംകുന്ന്, നടവരമ്പ്
12 പ്രൊഫ. കെ.ടി. വർഗ്ഗീസ്, കുന്നത്തുപറമ്പിൽ, വെണ്ണൂർ

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

## ബി. എൽ. എം. ധ്യാനകേന്ദ്രം

**ധ്യാനകേന്ദ്രത്തിലെ ആഗസ്റ്റ് മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

2, 3, 4, 5 : ആന്തരികസൗഖ്യധ്യാനം
9, 10, 11, 12 : യുവജനധ്യാനം
16, 17, 18, 19 : പരിശുദ്ധാത്മാഭിഷേക ധ്യാനം
23, 24, 25, 26 : ആന്തരികസൗഖ്യധ്യാനം
26, 27, 28 : കുട്ടികൾക്കുള്ള ധ്യാനം (2 മണിക്ക് ആരംഭം)
30, 31, സെപ്തംബർ 1, 2 : ആന്തരികസൗഖ്യധ്യാനം

**മറ്റ് ശുശ്രൂഷകൾ**

* **നിത്യാരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും**
  എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകിട്ട് 4 വരെ
* **ജാഗരണ പ്രാർത്ഥന**
  രണ്ടാം ചൊവ്വാഴ്ച (14. 8. 2012) വൈകീട്ട് 6 മുതൽ രാവിലെ 6 വരെ.
* **വചനപ്രഘോഷണവും ദിവ്യകാരുണ്യസൗഖ്യാരാധനയും**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകിട്ട് 3 വരെ
* **വിധവകളുടെ ഏകദിനധ്യാനം**
  രണ്ടാം തിങ്കളാഴ്ച (13–8–2012) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ.
* **ഏകസ്ഥരുടെ ഏകദിനധ്യാനം**
  മൂന്നാം തിങ്കളാഴ്ച (20.8.2012) രാവിലെ 10 മുതൽ വൈകീട്ട് 3.00 വരെ.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## സോഷ്യൽ ആക്ഷൻ

1. ആഗസ്റ്റ് 6–ന് RMHS ആളൂരിൽ ആണവ വിരുദ്ധദിനത്തോടനുബന്ധിച്ച് മഴവില്ല് പദ്ധതിയുടെ ഭാഗമായി പാരിസ്ഥിതിക വിഷയത്തെ ആസ്പദമാക്കി ക്വിസ് പ്രോഗ്രാം.
2. ആഗസ്റ്റ് 8–ന് ഇരിങ്ങാലക്കുട ബോയ്സ് എച്ച്.എസ്.എസ്–ൽ മയക്കുമരുന്നിന്റെ ദുരുപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണക്ലാസ്സ്.
3 ആഗസ്റ്റ് 10–ന് എടമുട്ടം ഹൈസ്ക്കൂളിൽ മയക്കുമരുന്നിന്റെ ദുരുപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണക്ലാസ്സ്.
4 ആഗസ്റ്റ് 8, 9 തിയ്യതികളിൽ ഐശ്വര്യ ഗ്രാമിൽവച്ച് SAFI ആനിമേറ്റേഴ്സിനും കോ–ഓഡിനേറ്റേഴ്സിനും ട്രെയിനിംഗ് SAFP പദ്ധതിപ്രകാരം
5. ആഗസ്റ്റ് 11–ന് SLFപദ്ധതിയുടെ ഭാഗമായി മാനസിക ശാരീരിക വൈകല്യമുള്ള 113 കുട്ടികൾക്ക് 360000 രൂപയുടെ സഹായധന വിതരണം.
6 ആഗസ്റ്റ് 14–ന് SAFI-യിൽ വച്ച് SAFP പദ്ധതിപ്രകാരം പുതിയതായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ സംഗമം.
7. ആഗസ്റ്റ് 15, 16, 17 തിയ്യതികളിൽ സോഷ്യൽ ആക്ഷനിൽവച്ച് IDEA-യുടെ ഭാഗമായി ജൈവവളനിർമ്മാണത്തെക്കുറിച്ച് ട്രെയിനിംഗ്.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

---

## നവചൈതന്യ

**ആഗസ്റ്റ് 2012**

| | |
|---|---|
| 5 | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| 8 | പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ് |
| 11–18 | ലഹരിമോചന പരിശീലനക്യാമ്പ് |
| 12 | ജാഗരണപ്രാർത്ഥന |
| 13 | എഡിറ്റോറിയൽ, റിസോഴ്സ് ടീം അംഗങ്ങൾ മീറ്റിംഗ് |
| 18 | ലീഡേഴ്സ് + ആനിമേറ്റേഴ്സ മീറ്റിംഗ് |
| 18 | പൂക്കളമത്സരം |
| 25, 27, 28 | ഫീൽഡ് വിസിറ്റ് |
| 31 | ഔട്ട്റീച്ച് പ്രോഗ്രാം |

**ഫാ. ബെന്നി കരിമാലിക്കൽ**
ഡയറക്ടർ

# അവാർഡ്

I **Spiritual Renewal Day :** ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സി നുമുള്ള മാസധ്യാനം ആഗസ്റ്റ് 1–ന് ബുധനാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ പരിയാരം CSR-ൽവെച്ച് നടത്തപ്പെടുന്നു.

2. **സ്വാതന്ത്ര്യദിനാഘോഷം :** ആഗസ്റ്റ് 15–ന് പതാകവന്ദനവും സ്വാതന്ത്ര്യദിനാഘോഷവും അവാർഡ് കുടുംബത്തിൽ.

3. **ഓണാഘോഷം :** അവാർഡ് കുടുംബം ഒന്നാകെ ആഗസ്റ്റ് 28–ന് ഓണം ഘോഷിക്കുന്നു.

## II. Family Development Department

1 **School-College-ITI- Level Counselling :-** തിങ്കൾ മുതൽ വെള്ളി വരെയുള്ള 5 ദിവസങ്ങളിലായി ചാലക്കുടി ITI & SH College കൊടകര, ആളൂർ, പരിയാരം, കുറ്റിച്ചിറ, മേലൂർ, കൊരട്ടി, തലക്കാട്ടുകര, മനക്കുളങ്ങര എന്നിവിടങ്ങളിലെ സ്കൂളുകൾ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ്സുകളും കൗൺസലിങ്ങും അവാർഡ് നടത്തുന്നു.

2 **Legal Advice :-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യസേവനം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാക്കുന്നു.

3 **Sub Committee Meeting :-** KSSWB-യുടെ നേതൃത്വത്തിലുള്ള അവാർഡിന്റെ ഫാമിലി കൗൺസലിങ്ങ് സെന്ററിന്റെ സബ്ബ് കമ്മിറ്റി 28–ന് നടക്കും.

## III. Community Based Rehabilitation Prog.

1 **വികലാംഗ പുനരധിവാസ പദ്ധതി :-** ശാരീരിക മാനസിക വെല്ലുവി ളികൾ നേരിടുന്ന കുട്ടികൾക്കായി എല്ലാ വെള്ളിയാഴ്ചകളിലും വിദ്യാ ഭ്യാസ ചികിത്സാസഹായം അവാർഡിൽ ലഭ്യമാക്കുന്നു.

2 **Independance Day Celebration :-** അവാർഡിന്റെ നേതൃത്വത്തിലുള്ള സർഗ്ഗകൾ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു.

3 **Physio & Speech Therapy :-** തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ അവാർഡിൽ ഫിസിയോ തെറാപ്പിയും സ്പീച്ച് തെറാപ്പിയും നടത്തുന്നു.

## IV. Community Based Organisation

1 **പൂക്കളമത്സരം :-** അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെയും ദേശം വികസന സംഘടനകളിലെ ചിൽഡ്രൻസ് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് അവാർഡിൽ പൂക്കളമത്സരവും ഓണാഘോഷവും നടത്തുന്നു.

2. **ഓണാഘോഷം :** അവാർഡിന്റെ നേതൃത്വത്തിലുള്ള ദേശംവികസന